# ഭാഗം 1

# ചരിത്രവും പൗരധർമ്മവും


**<u>ഉള്ളടക്കം</u>**

1. സാമ്രാജ്യത്വവും ഒന്നാം ലോക മഹായുദ്ധവും
2. ആധുനിക വിപ്ലവങ്ങൾ
3. രണ്ടാം ലോക മഹായുദ്ധം
4. യുദ്ധാനന്തര ലോകം
5. നവലോകം
6. ഇന്ത്യ നവയുഗത്തിലേക്ക്
7. ജനാധിപത്യം – ഇന്ത്യയിൽ

# യൂണിറ്റ് - 1

# സാമ്രാജ്യത്വവും ഒന്നാം ലോക മഹായുദ്ധവും

**പാഠഭാഗത്ത് കൂടി കടന്നു പോകുമ്പോൾ**

വ്യാവസായിക വിപ്ലവം ഉല്പാദന രംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കി. അമിത ഉല്പാദനം കമ്പോളങ്ങൾക്ക് വേണ്ടിയുള്ള മത്സരങ്ങൾക്ക് വഴിതെളിച്ചു. ഇത്തരം മത്സരങ്ങളുടെ പരിണിത ഫലമായി വളർന്നുവന്ന സാമ്രാജ്യത്വം കോളനികളിലെ രാഷ്ട്രീയ ഘടനയും സമ്പദ്ഘടനയും തകർത്തു. സാമ്രാജ്യത്വത്തിനെതിരെ കോളനികളിൽ വിവിധ തരം ദേശീയതകൾ വളർന്നു വന്നു. സാമ്രാജ്യത്വമോഹം, ആക്രമണോത്സുക, ദേശീയത, സൈനിക സഖ്യങ്ങൾ എന്നിവ ഒന്നാം ലോക മഹായുദ്ധത്തിന് കാരണമായി. യുദ്ധാനന്തരം സർവ്വ രാഷ്ട്ര സഖ്യം നിലവിൽവന്നു.

**രൂപപ്പെടേണ്ട ആശയങ്ങൾ**

വ്യക്തികൾ തമ്മിലും പ്രദേശങ്ങൾ തമ്മിലും എല്ലാ കാലത്തും യുദ്ധമുണ്ടായിട്ടുണ്ട്. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. വ്യാവസായിക വിപ്ലവത്തോടൊപ്പം വളർന്നുവന്ന സാമ്രാജ്യത്വ നയങ്ങളാണ് യുദ്ധങ്ങളുടെ അടിസ്ഥാന കാരണം. യുദ്ധങ്ങളോടൊപ്പം സൗഹാർദ്ദ സഖ്യങ്ങളും രൂപപ്പെട്ടിട്ടുണ്ട്. ഇത്തരം സൗഹാർദ്ദ സഖ്യങ്ങൾ സ്വാഗതാർഹങ്ങളാണ്. സമാധാന ഉടമ്പടികൾ പലപ്പോഴും പരാജയപ്പെടുകയും അവ പുതിയ യുദ്ധങ്ങൾക്ക് കാരണമാവുകയും ചെയ്തിട്ടുണ്ട്.

**പ്രക്രിയ**

യുദ്ധങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ലൈബ്രറി, പത്രകട്ടിങ്ങുകൾ, സി. ഡി., ഇന്റർനെറ്റ്, എന്നിവയിൽ നിന്ന് വിവരശേഖരണം നടത്തി വ്യാവസായിക വിപ്ലവം, കോളനിവാഴ്ച, സാമ്രാജ്യത്വം, വിവിധ തരം ദേശീയതകൾ, ലോക മഹായുദ്ധം, സമാധാന ശ്രമങ്ങൾ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.**പ്രവർത്തനങ്ങൾ**

**പ്രവർത്തനം 1**

ചുവടെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക

| സാമ്രാജ്യ രാജ്യങ്ങൾ | സവിശേഷതകൾ | ഫലങ്ങൾ |
|---|---|---|
| 1. ബ്രിട്ടൻ | ഉദ്പാദനം കോളനികളിലേക്ക് വ്യാപിപ്പിക്കുന്നു | കോളനികളിലെ പരമ്പരാഗത സാമൂഹ്യ വ്യവസ്ഥ തകർന്നു. |
| ........................................ | ........................................................ | ഭക്ഷ്യോല്പാദന വ്യവസ്ഥ തകർന്നു. |
| ........................................ | ........................................................ | വനങ്ങൾ നശിപ്പിക്കപ്പെട്ടു |
| ........................................ | ........................................................ | സത്യമാർഗ്ഗങ്ങളും നീതി ബോധങ്ങളും കൈവെടിഞ്ഞു |
| ........................................ | ........................................................ | ........................................................ |
| ........................................ | ........................................................ | ........................................................ |
| ........................................ | ........................................................ | ........................................................ |
| ........................................ | ........................................................ | ........................................................ |

| | | |
|---|---|---|
| പോർട്ടുഗൽ | • മൂലധനം കയറ്റുമതി ചെയ്യുന്നു | • നാണ്യവിള കൃഷി |
| സ്പെയിൻ | • സാങ്കേതിക വിദ്യയും വിദഗ്ധരെയും കയറ്റുമതി ചെയ്യുന്നു. | • കോളനികൾക്ക് വേണ്ടിയുള്ള മത്സരം |
| ഫ്രാൻസ് | | |
| ജർമ്മനി | • ബാങ്കിംഗ് സമ്പ്രദായം വിപുലീകരിക്കപ്പെട്ടു | • സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള യുദ്ധം |
| ഇറ്റലി | | |
| ബൽജിയം | • വ്യാവസായിക കുത്തക നിലവിൽ വന്നു. | • വ്യത്യസ്ത ദേശീയതകളുടെ ആവിർഭാവം |
| | | • പരമ്പരാഗത നിയമ വ്യവസ്ഥ തകർന്നു.<br>• വിദ്യാഭ്യാസ സമ്പ്രദായം തകർന്നു.<br>• ഭരണ സംവിധാനം തകർന്നു. |

**പ്രവർത്തനം - 2**

സാമ്രാജ്യത്വരാജ്യങ്ങൾ കമ്പോളത്തിനായി മത്സരിച്ചപ്പോൾ ആഭ്യന്തര കമ്പോളം നിലനിർത്താൻ ജനങ്ങളുടെ വൈകാരിക ഉണർവിനെ ഉപയോഗപ്പെടുത്താൻ തുടങ്ങി. ചാർട്ടിൽ കാണിച്ചിരിക്കുന്നവയെ ദേശീയതയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

- കറുപ്പ് യുദ്ധം
- ബൂവർ യുദ്ധം
- ബോക്സർ കലാപം
- ഇന്ത്യൻ ദേശീയ പ്രസ്ഥാനം
- ഇറ്റലിയുടെ ഏകീകരണം
- അഖില ജർമ്മൻ പ്രസ്ഥാനം
- പ്രതികാര പ്രസ്ഥാനം
- ചൈനീസ് റിപ്പബ്ലിക്ക്
- ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ യൂറോപ്യന്മാർ നടത്തി അധിനിവേശം

| എ | ബി | സി |
|---|---|---|
| പ്രതിരോധ ദേശീയത | ആക്രമണപരമായ ദേശീയത | സങ്കുചിത ദേശീയത |
| ............................................ | ............................................ | ............................................ |
| ............................................ | ............................................ | ............................................ |
| ............................................ | ............................................ | ............................................ |

| എ | ബി | സി |
|---|---|---|
| • ജർമ്മനിയുടെ ഏകീകരണം | • യൂറോപ്യൻ രാഷ്ട്രങ്ങൾ | • അഖില ജർമ്മൻ പ്രസ്ഥാനം |
| • ചൈനീസ് റിപ്പബ്ലിക്ക് | • ഏഷ്യനാഫ്രിക്കൻരാജ്യങ്ങൾ കീഴടക്കിയത് | • അഖില സ്ലാവ് പ്രസ്ഥാനം |
| • കറുപ്പ് യുദ്ധം | | • പ്രതികാര പ്രസ്ഥാനം |
| • ബൂവർ യുദ്ധം | | |
| • ബോക്സർ യുദ്ധം | | |
| • ഇന്ത്യൻ ദേശീയ പ്രസ്ഥാനം | | |
| • ഇറ്റലിയുടെ ഏകീകരണം | | |

**പ്രവർത്തനം – 3**

ആനുകാലിക തൊഴിൽ സമരങ്ങൾ, തൊഴിൽ സംഘടനകളുടെ പ്രസക്തി, ആദ്യകാല തൊഴിൽ സംഘടനകൾ എന്നിവയെക്കുറിച്ചുള്ള ചർച്ച, ചർച്ചയിലൂടെ എത്തിച്ചേരേണ്ട ആശയങ്ങൾ

- തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളുടെ പ്രസക്തി
- ഒന്നും രണ്ടും ഇന്റർനാഷ്ണലുകൾ

ഒന്നുംരണ്ടും ഇന്റർനാഷ്ണലുകളുമായി ബന്ധപ്പെട്ട വസ്തുതകൾ കണ്ടെത്തി പട്ടികപ്പെടുത്തൂ. ഇവ ഉപയോഗപ്പെടുത്തി കുറിപ്പുകൾ തയ്യാറാക്കൂ.

| | |
|---|---|
| 1864 | ചിക്കാഗോ വെടിവയ്പ്പ് |
| മാർക്സ്, ഏംഗൽസ് | മുതലാളിത്ത ചൂഷണത്തിനെതിരെയുള്ള ആദ്യത്തെ ചുവടുവെപ്പ് |
| പാരീസ് | കേന്ദ്രീകൃത ആസ്ഥാനം ഇല്ലായിരുന്നു |
| 1889 | പ്രവർത്തന സ്വാതന്ത്ര്യ നിഷേധം |
| ചോർച്ച സിദ്ധാന്തം Brain Drain Theory | ആശയപരമായഭിന്നത |
| ദാദാ ബായ് നവറോജി | സംഘടനാ ബോധത്തിന് പുത്തനുണർവ്വ് |
| ലണ്ടൻ | |
| **എ** | **ബി** |

**സൂചന :** ഒന്നാം ഇന്റർനാഷ്ണൽ

- മുതലാളിത്തത്തിനെതിരെ ചുവട് വെപ്പ്
- 1864
- ലണ്ടൻ
- മാർക്സ്, ഏംഗൽസ്
- ആശയ ഭിന്നത
- കേന്ദ്രീകൃത ആസ്ഥാനം ഇല്ല.

രണ്ടാം ഇന്റർനാഷ്ണൽ

- 1889
- പാരീസ്
- ദാദാ ബായ് നവറോജി
- ചോർച്ച സിദ്ധാന്തം

**ഒന്നാം ഇന്റർ നാഷ്ണൽ**

- മുതലാളിത്ത ചൂഷണത്തിനെതിരായി
- തൊഴിലാളി വർഗ്ഗത്തിന്റെ മുന്നേറ്റം
- 1864ൽ രൂപം കൊണ്ടു.
- വിവിധ രാജ്യങ്ങളിലെ തൊഴിലാളി പാർട്ടികളുടെ കൂട്ടായ്മ
- കാറൽമാക്സ് എംഗൽസ് എന്നിവർ നേതൃത്വം നൽകി

**രണ്ടാം ഇന്റർ നാഷ്ണൽ**

ആഗോള ഇന്റർനാഷ്ണലിന്റെ പരാജയം
മുതലാളി വർഗ്ഗത്തിന്റെ കരുത്ത്
മുതലാളി വർഗ്ഗ ചൂഷണം നിർബാധം തുടർന്നു
പ്രതിഷേധങ്ങളും പണിമുടക്കും
അടിച്ചമർത്തലുകളും
ചിക്കാഗോയിൽ വെടിവെയ്പ്പ്

| | |
|---|---|
| • കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല | 1889 ൽ പാരീസിൽ രണ്ടാം ഇന്റർനാഷ്ണൽ രൂപം കൊണ്ടു. |
| • ആശയഭിന്നത പ്രവർത്തന സ്വാതന്ത്ര്യ നിഷേധം കേന്ദ്രീകൃത ആസ്ഥാനം ഇല്ലായ്മ എന്നിവ ഇതിന്റെ തകർച്ചയ്ക്ക് കാരണമായി | ഇന്ത്യയിൽ നിന്നും ദാദാഭായ് നവറോജി പങ്കെടുത്തു.<br><br>ചോർച്ച സിദ്ധാന്തം അവതരിപ്പിക്കപ്പെട്ടു. |

**പ്രവർത്തനം - 4**

ഒന്നാം ലോകമഹയുദ്ധത്തിന് വഴി ഒരുക്കിയ ചില കാരണങ്ങളും ഫലങ്ങളും താഴെകൊടുത്തിരിക്കുന്നു. അനുയോജ്യമായ രീതിയിൽ ചേർത്ത് പട്ടിക വിപുലപ്പെടുത്തുക

| കാരണങ്ങൾ | ഫലങ്ങൾ |
|---|---|
| അഖില സ്ലാവ് പ്രസ്ഥാനം | വമ്പിച്ച ആൾനാശം |
| ........................................................ | സാമ്പത്തിക തകർച്ച |
| ........................................................ | രാജവംശങ്ങളുടെ തകർച്ച. (റഷ്യയിലെ റൊമനോവ്, |
| ........................................................ | ആസ്ത്രിയ ഹംഗറിയിലെ ഹാംബ്സ് ബർഗ്ഗ്, തുർക്കി |
| ........................................................ | യിലെ ഓട്ടോമാൻ തുടങ്ങിയ രാജവംശങ്ങൾ |
| അഖില ജർമ്മൻ പ്രസ്ഥാനം | പുതിയ രാജ്യങ്ങളുടെ ഉദയം (ഹോളണ്ട്, റുമേനിയ ഹംഗറി, അൽബേനിയ, ചെക്കോസ്ലാവിയ, യുഗോസ്ലാവിയ) |
| പ്രതികാര പ്രസ്ഥാനം | പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, രോഗം, പകർച്ചവ്യാധികൾ |
| ത്രികകക്ഷി സഖ്യം (ആസ്തിയ, ത്രികക്ഷി സൗഹാർദം, ഫ്രാൻസ്, റഷ്യ, ബ്രിട്ടൺ) | കൃഷി, വ്യവസായം, വാർത്താവിനിയം എന്നിവയുടെ തകർച്ച |
| ബാൽക്കൻ യുദ്ധങ്ങൾ | പണത്തിന്റെ മൂല്യതകർച്ച |
| ഫ്രാൻസിസ് ഫെർഡിനാററീന്റെ കൊലപാതകം | ഏഷ്യയിലെയും ആഫ്രിക്കയിലെയും യൂറോപ്യൻ കോളനികളിലെ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടു. |
| | ലീഗ് ഓഫ് നാഷൻസിന്റെ രൂപീകരണം etc. |

സൈനിക സഖ്യങ്ങൾ ഒന്നാം ലോക മഹായുദ്ധത്തിലേക്ക് നയിച്ചതെങ്ങനെയായിരിക്കാം.

- ത്രികക്ഷി സഖ്യം (ആസ്ട്രിയ, ജർമനി, ഇറ്റലി)
- ത്രികക്ഷി സൗഹാർദ്ദം (ഫ്രാൻസ്, റഷ്യ, ബ്രിട്ടൻ)
- സൈനിക സഖ്യങ്ങളായ രാജ്യങ്ങൾ രഹസ്യ നയതന്ത്രം പിന്തുടർന്നു.
- സംശയവും വിദ്വേഷവും വളർന്നു
- പുതിയ മാരകായുധങ്ങൾക്കുള്ള ഗവേഷണം
- ആയുധ ശേഖരം
- ചാരവൃത്തി ശക്തിപ്പെടുത്തുക
- തെറ്റായ വാർത്തകൾ പ്രചരിപ്പിച്ചു.
- ബഹുമതികളും, ഉദ്യോഗകയറ്റവും ലഭിക്കുന്നതിന് യുദ്ധാവേശം വളർത്തി
- ആയുധ വിൽപ്പനക്കായി ആയുധ നിർമ്മാണ കമ്പനികൾ നടത്തിയ ശ്രമങ്ങൾ (ക്രഫ്സ്, ഷിൽഡേഴ്സ്, വിക്കർ, ആംസ്ട്രോങ്, തുടങ്ങിയ കമ്പനികൾ)

ഒന്നാം ലോക മാഹയുദ്ധത്തിലേക്ക് നയിച്ച അന്താരാഷ്ട്ര പ്രതിസന്ധികൾ കണ്ടെത്തി, ലിസ്റ്റ് ചെയ്യുക.

- മൊറോക്കോ പ്രതിസന്ധി
- ബോസ്നിയൻ പ്രതിസന്ധി
- ബാൾക്കൻ പ്രതിസന്ധി

**പ്രവർത്തനം – 5**

ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ലീഗ് ഓഫ് നാഷൻസ് എന്ന സമാധാന സംഘടന രൂപീകരിക്കപ്പെട്ടു. ഈ സംഘടനയുടെ ലക്ഷ്യങ്ങൾ, ഘടകങ്ങൾ, പ്രവർത്തനങ്ങൾ, പരാജയ കാരണം എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുക.

| | | |
|---|---|---|
| ലക്ഷ്യങ്ങൾ | അന്തരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക<br>..........<br>..........<br>..........<br>..........<br>.......... | അന്താരാഷ്ട്രസഹകരണം മെച്ചപ്പെടുത്തുക<br>യുദ്ധങ്ങൾ തടയുക. |
| ഘടകങ്ങൾ | അസംബ്ലി<br>..........<br>..........<br>.......... | കൗൺസിൽ<br>സെക്രട്ടറിയേറ്റ്<br>അന്താരാഷ്ട്ര നീതിന്യായ കോടതി<br>അന്തരാഷ്ട്ര തൊഴിൽ സംഘടന |
| പ്രവർത്തനങ്ങൾ | യുദ്ധങ്ങൾ ഒഴിവാക്കി<br>..........<br>.......... | ബാൾക്കൻസിലെ അലാൻഡ് ദ്വീപുകളെ കുറിച്ചുള്ള തർക്കത്തിൽ ഇടപെട്ടു.<br>അടിമത്വത്തിനെതിരെ പ്രവർത്തനം<br>ഗ്രീസും ബൾഗേറിയയും തമ്മിലുള്ള അതിർത്തി പ്രശ്നം പരിഹരിച്ചു. |
| പരാജയ കാരങ്ങൾ<br>പ്രവർത്തനവൈകല്യങ്ങൾ | പ്രബല രാജ്യങ്ങൾ അംഗങ്ങളായില്ല | ജനങ്ങളെ പ്രതിധാനം ചെയ്തില്ല<br>സൈനിക വിഭാഗം ഇല്ല<br>സാമ്പത്തിക ഭദ്രത ഇല്ല<br>അംഗരാജ്യങ്ങൾ തമ്മിലുള്ള തർക്കം<br>അയൽ രാജ്യങ്ങൾ തമ്മിലുള്ള ആക്രമണം<br>നിരായുധീകരണം നടന്നില്ല<br>രണ്ടാം ലോക മാഹായുദ്ധം |

## തുടർ പ്രവർത്തനങ്ങൾ

**എ) ടൈം ലൈൻ തയ്യാറാക്കുക**

1914 1879 1904 1882 1905

ത്രീകക്ഷി സംഖ്യം, ഒന്നാം ലോക മാഹായുദ്ധം, ത്രികക്ഷി സൗഹാർദ്ദം ആസ്ട്രിയ - ജർമ്മനി സഖ്യം, റഷ്യ - ജപ്പാൻ യുദ്ധം

| | |
|---|---|
| 1914 | ഒന്നാം ലോകയുദ്ധം |
| 1905 | റഷ്യ - ജപ്പാൻ യുദ്ധം |
| 1904 | ത്രികക്ഷി സൗഹാർദ്ദം |
| 1882 | ത്രികക്ഷി സഖ്യം |
| 1879 | ആസ്ട്രിയ - ജർമ്മനി സഖ്യം |

**ബി) ടൈം ലൈൻ**

1912 1920 1914 1919 1918

ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാന്റിന്റെ വധം

വേഴ്സായി ഉടമ്പടി

ഒന്നാം ലോക മഹായുദ്ധം അവസാനിച്ചു. ബാൾക്കൻ യുദ്ധങ്ങൾ, ലീഗ് ഓഫ് നാഷ്ൻസിന്റെ രൂപീകരണം

| | |
|---|---|
| 1920 | ലീഗ് ഓഫ് നേഷൻസ് |
| 1919 | വേഴ്സായി ഉടമ്പടി |
| 1918 | ഒന്നാം ലോക മാഹയുദ്ധം |
| 1914 | ആർച്ച് ഡ്യൂക്കിന്റെ വധം |
| 1912 | ബാൾക്കൻ യുദ്ധങ്ങൾ |

**തുടർ പ്രവർത്തനം - 2**

എ. ബി. സി, കോളങ്ങൾ ശരിയായി യോജിപ്പിക്കുക

| | എ | ബി | സി |
|---|---|---|---|
| 1. | ജർമ്മനിയുടെ ഏകീകരണം | വുഡ്രോവിൽസൺ | 1920 |
| 2. | മഹാത്മാഗാന്ധി | 1870 | പ്രഷ്യ - ഓസ്ട്രിയ യുദ്ധം |
| 3. | പാരീസ് | ദക്ഷിണാഫ്രിക്ക | തൊഴിലാളി സംഘടന |
| 4. | ഇറ്റലി | രണ്ടാം ഇന്റർനാഷ്ണൽ | ബൂവർയുദ്ധം |
| 5. | ലീഗ് ഓഫ് നാഷൻസ് | 1866 | വിക്ടർ ഇമ്മാനുവൽ |

| | എ | ബി | സി |
|---|---|---|---|
| 1. | ജർമ്മനിയുടെ ഏകീകരണം | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |

**തുടർ പ്രവർത്തനം – 3**

പദസൂര്യൻ പൂർണ്ണമാക്കുക




**തുടർ പ്രവർത്തനം – 4**

ജർമ്മനിയുടെ ഏകീകരണം പ്രതിരോധ ദേശീയതക്കും പ്രതികാര പ്രസ്ഥാനം സങ്കുചിത ദേശീയതക്കും ഉദാഹരണമാണ്. സങ്കുചിത ദേശീയതയും പ്രതിരോധ ദേശീയതും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

**തുടർ പ്രവർത്തനം – 5**

ഒന്നും രണ്ടും ഇന്റർനാഷ്നലുകളുടെ രൂപീകരണത്തിന് ആധാരമായ ലോക പശ്ചാത്തലം കണ്ടെത്തുക

**തുടർ പ്രവർത്തനം – 6**

കോളനി വാഴ്ച, സാമ്രാജ്യത്വം, വിവിധ തരം ദേശീയത എന്നിവ ഒന്നാം ലോക മഹായുദ്ധ ത്തിന് എത്രത്തോളം കാരണമായി എന്ന് പരിശോധിക്കുക.

*സൂചന*

| കോളനിവാഴ്ച | സാമ്രാജ്യത്വം | ദേശീയത |
|---|---|---|
| മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിമാർ തമ്മിൽ | അധിക വിഭവ ചൂഷണം നാട്ടുരാജ്യങ്ങളുടെ തകർച്ച | പ്രതിരോധ ദേശീയത |
| തൊഴിലാളി – മുതലാളി മത്സരം | പരമ്പരാഗത വ്യവസായ തകർച്ച | ആക്രമണ ദേശീയത |
| മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ മത്സരം | നാട്ടുരാജ്യ അധികാരം നഷ്ടമാകുന്നു | സങ്കുചിത ദേശീയത |
| മുതലാളിത്ത രാജ്യവും കോളനികളും തമ്മിലുള്ള മത്സരം | | |

**തുടർ പ്രവർത്തനം – 7**

കേവലം രാഷ്ട്രങ്ങളുടെ സംയോജനം എന്നതിലുപരി ആശങ്ങളുടെ സംയോജനം മാത്രമായി രുന്നു ലീഗ് ഓഫ് നാഷൻസ് എന്ന പ്രസ്താവനയോട് നിങ്ങൾ എത്രമാത്രം യോജിക്കുന്നു. സമർത്ഥി ക്കുക.

സൂചന : നിരായുധീകരണം നടപ്പിലാക്കിയില്ല
പ്രബല രാജ്യം അംഗമായില്ല
സാമ്പത്തിക പരാധീനത
സൈനികശേഷി ഇല്ല
അംഗരാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം
രണ്ടാം ലോക മാഹായുദ്ധം ........

ഐ. ടി. സാധ്യത : ഒന്നാം ലോക മഹായുദ്ധത്തിന്റെ സി. ഡി. പ്രദർശിപ്പിക്കുക.

**തുടർപ്രവർത്തനം – 8**

യൂറോപ്പിന്റെ ഭൂപടത്തിൽ സാമ്രാജ്യത്വ രാജ്യങ്ങൾ അടയാളപ്പെടുത്തുക.

# യൂണിറ്റ് - 2
# ആധുനിക വിപ്ലവങ്ങൾ

**പാഠഭാഗത്ത് കൂടി കടന്നുപോകുമ്പോൾ**

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സോഷ്യലിസ്റ്റ് ജനാധിപത്യാശയങ്ങളുടെ സ്വാധീനം ഉൾക്കൊണ്ട് ലോകവ്യാപകമായി സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളും വിപ്ലവങ്ങളുമുണ്ടായി. പ്രതി ലോമപരമായ ആശയങ്ങൾ അടങ്ങിയ ഫാസിസത്തിന്റെ കടന്നുവരവും വളർച്ചയും യുദ്ധാനന്തര ലോകത്തിന്റെ ഗതിപാടെ മാറ്റിമറിച്ചു.

**രൂപപ്പെടേണ്ട ആശയങ്ങൾ**

ആശയപരമായ ഭിന്നപ്പിന്റെ പേരിൽ രാജ്യങ്ങൾ വ്യത്യസ്ത ചേരികളായത് പ്രശ്നങ്ങൾ സൃഷ്ടി ക്കുന്നു. രണ്ടാം ലോക മഹായുദ്ധം ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങൾക്ക് ശക്തി പകർന്നു. കൂടാതെ ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ ദേശീയ വിമോചന വിപ്ലവങ്ങൾക്കും സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്കും വഴിയൊരുക്കി.

**പ്രക്രിയ**

ആധുനിക വിപ്ലവങ്ങളുമായി ബന്ധപ്പെട്ട വിവര ശേഖരണത്തിനായി വിവിധ സ്രോതസ്സു കളെ അവലംബിക്കുന്നു. (ലൈബ്രറി, മാധ്യമങ്ങൾ, ഐ. ടി., ഇന്റർനെറ്റ്.......) സോഷ്യലിസ്റ്റ് ജനാധി പത്യ ആശയങ്ങളുടെയും തൊഴിലാളി വർഗ്ഗ മുന്നേറ്റത്തിന്റെയും സ്വാധീനം ഉൾക്കൊണ്ട് നടന്ന ആധുനിക വിപ്ലവങ്ങളെക്കുറിച്ചുള്ള ആശയ രൂപീകരണത്തിനും ഫാസിസം, നാസിസം അവയുടെ നീതിശാസ്ത്രം, ജനാധിപത്യ ധ്വംസനം, സ്വേഛാധിപത്യ സ്ഥാപനം (ഹിറ്റ്ലർ, മുസ്സോളിനി) എന്നി വയെക്കുറിച്ച് ധാരണ രൂപപ്പെടുന്നതിന്.

**പ്രവർത്തനങ്ങൾ**

**പ്രവർത്തനം - 1**

ആധുനിക വിപ്ലവങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന പട്ടികയുടെ പൂർത്തീകരണത്തി നായി ഉൾപ്പെടുത്തേണ്ട വസ്തുതകൾ എന്തെല്ലാം?

| വിപ്ലവത്തിന്റെ സ്വഭാവം | വിപ്ലവത്തിന്റെ പേര് | സാധൂകരണം |
|---|---|---|
| ജനാധിപത്യം | 1<br>2 | |
| സോഷ്യലിസം | 1<br>2 | |
| ഉത്തരസൂചിക | | |
| ജനാധിപത്യം | 1 തുർക്കിയിലെ വിപ്ലവം | യുവതുർക്കികളുടെ നേതൃത്വ ത്തിൽ ജനാധിപത്യ ഗവ. അധികാരത്തിൽ വന്നു. |
| | 2 ഈസ്റ്റർ കലാപം | ഐറിഷ് ഫ്രീ സ്റ്റേറ്റ് രൂപീകരിച്ചു. |
| | 3 ഇന്ത്യൻ സ്വാതന്ത്ര്യസമരം | സ്വാതന്ത്ര്യാനന്തരം ജനാപത്യ ഗവ. അധികാരത്തിൽ വന്നു. |
| സോഷ്യലിസം | 1 റഷ്യൻ വിപ്ലവം | സോഷ്യലിസ്റ്റ് ഗവ. രൂപീകരണം |
| | 2 ജർമ്മൻ വിപ്ലവം | തൊഴിലാളി കൗൺസിൽ രൂപീകരിക്കപ്പെട്ടു. |

NB : ജനാധിപത്യ സോഷ്യലിസ്റ്റ് ആശയങ്ങളായിരുന്നു ആധുനിക വിപ്ലവങ്ങളുടെ സൈദ്ധാന്തിക അടിത്തറ എന്ന നിഗമനത്തിൽ കുട്ടികൾ എത്തിച്ചേരേണ്ടതുണ്ട്.

**പ്രവർത്തനം - 2**

ഇറ്റലിയിൽ ഫാസിസവും ജർമ്മനിയിൽ നാസിസവും വളരുവാനിടയായ സാഹചര്യങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ഇറ്റലിയുടെ ന്യായീകരണം | ജർമ്മനിയുടെ ന്യായീകരണം |
|---|---|
| യുദ്ധാനന്തരം സഖ്യകക്ഷികളിൽ നിന്നുള്ള അവഗണന<br>................................................<br>................................................<br>................................................ | വേഴ്സായ് ഉടമ്പടി വ്യവസ്ഥകൾ അപമാനിക്കുന്ന തരത്തിലാണ്.<br>................................................<br>................................................<br>................................................ |
| സൂചിക : | |
| യുദ്ധവിഹിതം പങ്കുവെച്ചപ്പോൾ ന്യായമായ വിഹിതം ലഭിച്ചില്ല. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി - രാഷ്ട്രീയ അരക്ഷിതാവസ്ഥ സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ വളർച്ച - മധ്യവർഗ്ഗത്തിന്റെയും ഭൂവുടമകളുടെയും പിന്തുണ ഫാസിസ്റ്റുകൾക്ക് | വേഴ്സായി ഉടമ്പടി വ്യവസ്ഥകളിലെ വിവേചനം - സാമ്പത്തിക തകർച്ച രാഷ്ട്രീയ അരക്ഷിതാവസ്ഥ - വംശീയ മാഹാത്മ്യം |

ഐ. ടി. സാദ്ധ്യത : ഇന്റർ നെറ്റിൽ നിന്ന് പ്രസക്ത ഭാഗങ്ങളുടെ വിവര ശേഖരണം

**കുറിപ്പ്**

**ഇറ്റലി**

വിയന്ന സമ്മേളനപ്രകാരം ഇറ്റലി അനവധി ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു. മധ്യ ഇറ്റലി പോപ്പിന്റെ കീഴിലും സിസിലി നേപിൾസ് ഇവ സിസിലിയായിലെ രാജാവിന്റെ കീഴിലും സാർഡീനീയ ചാൾസ് ആൽബർട്ട് രാജാവിന്റെ കീഴിലും, പാർമ, മെഡേണ, ടാക്സണി മുതലായവ ആസ്ട്രിയയുടെയും ഫ്രാൻസിന്റെയും കീഴിലുമായി വിഭജിക്കപ്പെട്ടിരുന്നു. യംങ്ങ് ഇറ്റലി - മസീനി - ഗാരിബാൾഡി - കൗണ്ട്കവൂർ - തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ 1870ൽ രൂപീകരണം പൂർത്തിയായി.

**ജർമ്മനി**

വിയന്ന കോൺഗ്രസ്സിനു ശേഷം ജർമ്മനിയെ 38 കോൺഫെഡറേറ്റ് സ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. ഈ നാട്ടുരാജ്യങ്ങളെ ഒന്നിപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഒരു നാട്ടു രാജ്യത്തിന്റെ ഭരണാധിപനായ കൈസർ വില്യം ഒന്നാമന്റെ നേതൃത്വത്തിൽ കോൺഫെഡറേഷൻ ഓഫ് റൈൻ രൂപീകരിച്ചു. പിന്നീട് ബിസ്മാർക്കിന്റെ നേതൃത്വത്തിൽ ഏകീകരണം പൂർത്തികരിച്ചു.

□□ : ജർമ്മനിയുടെ ഏകീകരണത്തിന് സഹായിച്ച യുദ്ധങ്ങൾ പരാമർശിക്കുമല്ലോ.

**പ്രവർത്തനം – 3**

ഫാസിസത്തിന്റെ വളർച്ചയ്ക്കിടയാക്കിയ ആഗോള സാഹചര്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

- ആഗോള സാമ്പത്തിക മാന്ദ്യം
- അസംസ്കൃത വസ്തുക്കൾക്കും കമ്പോളത്തിനും വേണ്ടിയുള്ള മത്സരം
- സോവിയറ്റ് യൂണിയന്റെ വളർച്ച
- മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗ മുന്നേററം
- ഒന്നാം ലോക മഹായുദ്ധത്തിന് ശേഷമുണ്ടായ സാമാധാന ഉടമ്പടികൾ
- ലീഗ് ഓഫ് നേഷൻസിന്റെ പരാജയം
- സോവിയറ്റ് യൂണിയനോട് ബ്രിട്ടൺ, ഫ്രാൻസ്, തുടങ്ങിയ രാജ്യങ്ങൾക്കുണ്ടായ ശത്രുത

**പ്രവർത്തനം – 4**

ലോക ഭൂപടത്തിൽ ഇറ്റലിയുടെയും ജർമ്മനിയുടെയും സ്ഥാന നിർണ്ണയം നടത്തി മുസ്സോളിനി, ഹിറ്റ്ലർ ചിത്രപ്രദർശനത്തിലൂടെ അവരുടെ പ്രവർത്തനങ്ങൾ ടി. ബി. യുടെ സഹായത്താൽ ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.

ഫാസിസം, നാസിസം എന്നീ ആശയങ്ങൾ ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളായിരുന്നുവെന്നും പ്രസ്തുത സങ്കുചിത ദേശീയ ബോധം, രണ്ടാം ലോകമഹായുദ്ധത്തിന് വഴിയൊരുക്കി എന്ന ധാരണ കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്.

തുടർന്ന് ഫാസിസം, നാസിസം എന്നിവയുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ട് പ്രദർശിപ്പിക്കുന്നു.

| ഫാസിസം | നാസിസം |
|---|---|
| • യുദ്ധത്തെ പ്രകീർത്തിച്ചു | ആക്രമണോത്സുകവിദേശനയം |
| • എതിരാളികളെ വകവരുത്തി | പൗരാവകാശം, സ്വാതന്ത്ര്യം എന്നിവയെ എതിർത്തു |
| • വംശമാഹാത്മ്യം പ്രചരിപ്പിച്ചു | കമ്മ്യൂണിസത്തെ ഗുരുവായികണ്ടു |
| • ന്യൂന പക്ഷങ്ങളെ കൊന്നൊടുക്കി | തടവുകാരെ ഗവേഷണത്തിന് വിധേയരാക്കി |
| • രാഷ്ട്രത്തിന്റെ ഭൂതകാല | ജൂതരുടെ പൗരാവകാശങ്ങൾ റദ്ദാക്കി |
| മഹിമയെ വാഴ്ത്തി | ജൂതന്മാർക്ക് സർക്കാർജോലി നിഷേധിച്ചു. |
| • യുദ്ധം പുരോഗതിയിലേക്കുള്ള | ആര്യന്മാർ ഭരിക്കേണ്ടവർ |
| ചവിട്ടുപടിയായി അംഗീകരിച്ചു. | ജൂതന്മാരും ആര്യൻമാരും തമ്മിലുള്ള വിവാഹം |
| • ഫാസിസം ഭരണഘടനാ | നിരോധിച്ചു. |
| • പത്രങ്ങൾക്ക് സെൻസർഷിപ്പ് | നാസി ഒഴികയുള്ള പാർട്ടികളെ നിരോധിച്ചു. |
| | പുസ്തകം തീയിട്ടു |

**പ്രവർത്തനം – 5**

ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച് പാബ്ലൊ പിക്കാസൊയുടെ ഫാസിസ്റ്റുകൾ തകർത്ത ഗ്വോർണിക്ക നഗരത്തിന്റെ ചിത്രപ്രദർശനത്തിലൂടെ സ്പെയിനിലെ ആഭ്യന്തര യുദ്ധത്തെക്കുറിച്ച് ക്ലാസ്സിൽ ചർച്ചകൾ സംഘടിപ്പിക്കുന്നു.

സൂചകങ്ങൾ : ജനകീയ മുന്നണി - കർഷകർക്കും തൊഴിലാളികൾക്കും അനുകൂലമായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ - ഫാസിസ്റ്റ് സംഘടനയായ ഫലാൻജിന്റെ നടപടികൾ. ജനറൽ ഫ്രാങ്കോവിന്റെ നേതൃത്വത്തിൽ വലതുപക്ഷ കലാപം ഇറ്റലിയും ജർമ്മനിയും കാലാപത്തിൽ സഹായിച്ചു. കലാകാരൻമാരുടെയും ബുദ്ധിജീവികളുടെയും ജനകീയ മുന്നണിക്ക് പിന്തുണ നൽകി. ജവഹർലാൽ നെഹ്റു ജനകീയ സമരത്തിന് പിന്തുണനൽകി. ഫാസിസ്റ്റുകൾക്ക് ആയുധങ്ങൾ പരീക്ഷിക്കാനുള്ള വേദിയായിരുന്നു. 2-ാം ലോക മഹായുദ്ധത്തിന്റെ മുന്നൊരുക്കം.

**പ്രവർത്തനം - 6**

റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവവും തുടർന്നുണ്ടായ പുതിയ സാമ്പത്തിക നയം എന്നിവയെ അടിസ്ഥാനമാക്കി ചർച്ച. തുടർന്ന് ചിത്രീകരിക്കുന്ന ഫ്ളോചാർട്ട് ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

<u>റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം</u>

സാമൂഹ്യ അസമത്വം

ചക്രവർത്തിയുടെ സേഛാധിപത്യം

വിപ്ലവ ചിന്തകളുടെ സ്വാധീനം

സാമ്പത്തിക അവസ്ഥ

പുതിയ സാമ്പത്തിക നയം

**പ്രവർത്തനം - 7**

റഷ്യയിലെ വിപ്ലവാനന്തര ഗവ. നേരിട്ട പ്രശ്നങ്ങളെന്തൊക്ക? ഇവയുടെ പരിഹാരത്തിന് യുദ്ധകാല കമ്മ്യൂണിസ്റ്റും നൂതന സാമ്പത്തിക നയം (എൻ. ഇ. പി.) എത്രമാത്രം സഹായമായി. വിമർശനാത്മകമായി വിലയിരുത്തുക

- വിപ്ലവാനന്തരം റഷ്യ നേരിട്ട പ്രശ്നങ്ങൾ
- യുദ്ധത്തിൽ നിന്ന് പിന്മാറി സമാധാനം സൃഷ്ടിക്കുക
- സ്വകാര്യ ഉടമാവകാശം ഇല്ലാതാക്കുക
- സ്വയം നിർണ്ണയാവകാശം അംഗീകരിക്കുക
- ചൂഷണത്തിനും അസമത്വവും അവസാനിപ്പിക്കുക

- വ്യവസായവും ബാങ്കുകളും ദേശസാത്കരിക്കുക
- അവകാശ പ്രഖ്യാപനം പുറത്തിറക്കി
- സോവിയറ്റ് യൂണിയൻ യു. എസ്. എസ് ആയി മാറി.

**യുദ്ധകാല കമ്മ്യൂണിസം**

- കൃഷി ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- കാർഷിക ഉൽപന്നങ്ങൾ കൃഷിക്കാരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് എടുത്ത ശേഷം ബാക്കി സർക്കാരിന് നൽകണം
- സർക്കാർ അവ മറ്റു ജനവിഭാഗങ്ങൾക്ക് നൽകും
- സാധനങ്ങൾ വാങ്ങാനോ വിൽക്കാനോ പാടില്ല
- വ്യവസായ ഉൽപന്നങ്ങൾ തൊഴിലാളികൾക്കും മറ്റും വിതരണം ചെയ്തു.

**നൂതന സാമ്പത്തികനയം**

- യുദ്ധകാല കമ്മ്യൂണിസ്റ്റുണ്ടാക്കിയ പ്രശ്നങ്ങൾ തരണം ചെയ്യാൻ ലെനിൻ നടപ്പിലാക്കിയ പുതിയ നയം
- സ്വകാര്യ വാണിജ്യത്തിലേക്കുള്ള ഭാഗികമായ ഒരു തിരിച്ചുപോക്ക്
- ചില വ്യവസായങ്ങൾ സ്വകാര്യ ഉടമസ്ഥത അനുവദിക്കപ്പെട്ടു.
- ചില ചെറുകിട വ്യവസായങ്ങൾ സ്വകാര്യമേഖലയിൽ തുടങ്ങാൻ അനുവദിച്ചു.
- സഹകരണ സംവിധാനം സ്ഥാപിക്കപ്പെട്ടു.
- വൻവ്യവസായങ്ങൾ, ബാങ്കിംഗ് എന്നിവ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കി.
- കൂട്ടുകൃഷി നടപ്പിലാക്കി.

**പ്രവർത്തനം - 7**

ഫാസിസത്തിന്റെ ക്രൂരമുഖം

- അനസ്തീഷ്യ നൽകാതെ ഓപ്പറേഷൻ നടത്തി
- തടവുകാരെ ഗവേഷണത്തിന് വിധേമാക്കി
- മറ്റുപാർട്ടികളെ നിരോധിച്ചു
- പുസ്തകം തീയിട്ടു
- ജൂതന്മാരുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു.
- പത്രങ്ങൾക്ക് കർശന പെൻഷനില്ല
- ആരോഗ്യമില്ലാത്തവരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു

- യുദ്ധത്തെ പ്രകീർത്തിച്ചു.
- സ്വാതന്ത്ര്യം നിഷേധിച്ചു.
- ജനാധിപ്ത്യ പ്രവർത്തകരെയും എതിരാളികളെയും വകവരുത്തി.
- കമ്മ്യൂണിസത്തെ ശത്രുവായി പ്രഖ്യാപിച്ചു.
- വംശമാഹാത്മ്യം പ്രചരിപ്പിച്ചു.
- ഭരിക്കാനർഹതയുള്ളവർ ആര്യന്മാരെന്ന് പ്രചരിപ്പിച്ചു.
- ജൂതന്മാരെ ശത്രുകളായി കണ്ടു
- ജർമനിയുടെ യുദ്ധ പരാജയത്തിന് കാരണം യഹൂദരെന്ന് പ്രചരിപ്പിച്ചു.
- ജൂതന്മാരും ആര്യന്മാരും തമ്മിൽ വിവാഹം നിരോധിച്ചു
- കോൺസൻട്രേഷൻ ക്യാമ്പുകൾ
- ഗ്യാസ് ചേമ്പർ
- കമ്മ്യൂണിസ്റ്റുകാരെ വിചാരണ കൂടാതെ കൊന്നു
- വൃദ്ധന്മാരെയും വികലാംഗരെയും കൊന്നു.
- തടവറയിൽ പട്ടിണിയും രോഗങ്ങളും.

## തുടർ പ്രവർത്തനങ്ങൾ

**തുടർ പ്രവർത്തനം - 1**

സ്വതന്ത്ര്യസമര കാലഘട്ടത്തിലെ ചമ്പാരൻ സമരം മുതൽ ചൗരിചൗര വരെയുള്ള സംഭവങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ടൈം ലൈൻ തയ്യാറാക്കുക

1919, 1921, 1922, 1917, 1929, 1920.

(നിസ്സഹകരണ പ്രസ്ഥാനം, ചമ്പാരൻ സത്യാഗ്രഹം, ചൗരിചൗരാ സംഭവം, മലബാർ ലഹള, ജാലിയൻവാലാബാഗ് കൂട്ടക്കൊല)

**തുടർ പ്രവർത്തനം - 2**

1898 മുതൽ 1917 വരെയുള്ള കാലഘട്ടങ്ങളിലെ സുപ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു ടൈംലൈൻ നിർമ്മിക്കുക

1898, 1905, 1903, 1917

(ഡ്യൂമ രൂപീകരിച്ചു. റഷ്യൻ വിപ്ലവം, റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് ലേബർ പാർട്ടി, ബോൾഷെവിക് - മെൻ ഷെവിക് പാർട്ടികളുടെ രൂപീകരണം)

**തുടർ പ്രവർത്തനം - 3**

താഴെ കൊടുത്തിരിക്കുന്നവ കാലഗണന അനുസരിച്ച് ക്രമപ്പെടുത്തുക

| | |
|---|---|
| 1919 | ഈസ്റ്റർ കലാപം |
| 1936 | ഹിറ്റ്ലർ നാസി പാർട്ടി രൂപീകരിച്ചു |
| 1920 | ജർമ്മനിയിലെ വിപ്ലവത്തിന് തുടക്കം |
| 1916 | സ്പെയിനിലെ ആഭ്യന്തര യുദ്ധം |
| 1918 | റഷ്യൻ ആഭ്യന്തര യുദ്ധം അവസാനിച്ചു. |

**തുടർപ്രവർത്തനം - 4**

എ, ബി, സി. കോളങ്ങൾ ശരിയായി ജോജിപ്പിച്ച് എഴുതുക

| എ | ബി | സി |
|---|---|---|
| ഐറിഷ് ഫ്രീ സ്റ്റേറ്റ് | ഹിറ്റ്ലർ | ചുവപ്പ് സേന |
| ബോൾഷെവിക്കുകൾ | 1921 | നാസിസത്തിന്റെ പ്രാമാണിക ഗ്രന്ഥം |
| മുസ്സോളിനി | 1922 | ജനറൽ ഫ്രാങ്കോ |
| ഫലാൻജ് | റഷ്യ | കിഴക്കൻ ഐർലന്റിലെ 26 പ്രവിശ്യകൾ |
| മെയിൻ കാംഫ് | സ്പെയിൻ | ഫാസിസ്റ്റ് പാർട്ടി |

**തുടർ പ്രവർത്തനം - 5**

ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായവ 1, 2, 3 കോളത്തിൽ എഴുതുക

(അയർലന്റ്, പുത്തൻ സാമ്പത്തിക നയം, ഇറ്റലി, ഐറിഷ് ഫ്രീ സ്റ്റേറ്റ്, ഫാസിസം, സ്പെയിൻ പഞ്ചവത്സര പദ്ധതി, ഫലാൻജ്)

| | 1 | 2 | 3 |
|---|---|---|---|
| എ | ........................................ | ഈസ്റ്റർ കലാപം | ...................................................... |
| ബി | ലെനിൻ | ................................ | ...................................................... |
| സി | ........................................ | ................................ | കരിങ്കുപ്പായക്കാർ |
| ഡി | ....................................... | ജനറൽ ഫ്രാങ്കോ | ...................................................... |

**തുടർ പ്രവർത്തനം - 6**

ഒന്നാം ലോകമഹായുദ്ധത്തിൽ ജേതാക്കളുടെ നിരയിലായിരുന്നു ഇറ്റലിയെങ്കിലും യുദ്ധാനന്തരം അവിടുത്തെ ഭരണകൂടം അതിരൂക്ഷമായി വിമർശിക്കപ്പെട്ടു. എന്തായിരിക്കാം ഇതിനുള്ള കാരണങ്ങൾ?

സൂചന : യുദ്ധാനന്തര ഇറ്റലിയുടെ അവസ്ഥ, വേഴ്സായി സന്ധിയിലെ ഉടമ്പടികൾ

**തുടർ പ്രവർത്തനം - 7**

ലോകത്തിലെ ചില പ്രധാനപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളുടെ പേരുകളാണ് ചുവടെ നൽകിയിരിക്കുന്നത്. അവരുമായി ബന്ധപ്പെട്ട സംഭവങ്ങളും പ്രതിനിധാനം ചെയ്യുന്ന രാജ്യവും കണ്ടെത്തി പട്ടികപ്പെടുത്തുക.

| വ്യക്തികൾ | സംഭവം | രാജ്യം |
|---|---|---|
| ജയിംസ്കൊണാലി | | |
| ഫ്രാങ്കോ | | |
| റോസാലുക്സംബർഗ് | | |
| കമാൽപാഷ | | |

| | |
|---|---|
| ഉത്തര സൂചിക : ഈസ്റ്റർ കലാപം | അയർലാന്റ് |
| സ്പാനിഷ് ആഭ്യന്തരയുദ്ധം | സ്പെയിൻ |
| 1918 ജർമ്മൻ വിപ്ലവം | ജർമ്മനി |
| യുവതുർക്കി പ്രസ്ഥാനം | തുർക്കി |

# യൂനിറ്റ് 3
# രണ്ടാം ലോക മഹായുദ്ധം (1939 – 1945)

**പാഠഭാഗത്ത് കൂടി കടന്നുപോകുമ്പോൾ**

ഒന്നാം ലോകമഹായുദ്ധാനന്തരമുണ്ടായ സമാധാന ശ്രമങ്ങളെല്ലാം ദുർബ്ബലമാവവുകയും തീവ്ര ദേശീയതയിലൂന്നിയ ഒരു ദർശന സംഹിതയുമായി ഫാസിസ്റ്റ് രാഷ്ട്രങ്ങൾ അധിനിവേശത്തിന് തയ്യാറായത് മറ്റൊരു ലോകയുദ്ധത്തിന് കാരണമായി. യുദ്ധത്തിലേക്ക് നയിച്ച ആഗോള സാഹചര്യങ്ങൾ, യുദ്ധത്തിന്റെ ഗതി വ്യതിയാനങ്ങൾ, അനന്തര ഫലങ്ങൾ, ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം എന്നീ ആശയങ്ങൾ കുട്ടികളിലെത്തേണ്ടതുണ്ട്.

**പ്രക്രിയ**

പത്രവാർത്തകൾ, ചിത്രങ്ങൾ, സി. ഡി. എന്നിവയിൽ നിന്നും സമകാലിന യുദ്ധത്തെക്കുറിച്ചും ഫലങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് ധാരണ നേടുന്നു. തുടർന്ന് 1939–45ൽ നടന്ന രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ച് അറിവ് നേടുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിവര ശേഖരണം നടത്തി പതിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തനങ്ങൾ**

**പ്രവർത്തനം – 1**

രണ്ടാം ലോക മഹായുദ്ധത്തിനിടയാക്കിയ ആഗോള സാഹചര്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- കമ്പോളങ്ങൾക്ക് വേണ്ടിയുള്ള കിടമത്സരം
- സോവിയറ്റ് യൂനിയന്റെ വളർച്ച
- തൊഴിലാളി വർഗ്ഗ മുന്നേറ്റം
- പ്രീണനനയം
- ലീഗ് ഓഫ് നാഷൻസിന്റെ പരാജയം
- ഒന്നാം ലോക മഹായുദ്ധത്തിന് ശേഷമുണ്ടായ ഉടമ്പടികൾ
- സോവിയറ്റ് യുനിയനോട് ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങൾക്കുണ്ടായ ശത്രുതാപരമായ നിലപാട്
- ഫാസിസ്റ്റ് അധിനിവേശങ്ങൾ.

**പ്രവർത്തനം – 2**

രണ്ടാം ലോകമഹായുദ്ധത്തിന് വഴിയൊരുക്കിയ സംഭവങ്ങളും ഫലങ്ങളുമാണ് താഴെ നൽകിയിരിക്കുന്നത് അനുയോജ്യമായ രീതിയിൽ പട്ടിക വിപുലപ്പെടുത്തുക.

| കാരണങ്ങൾ/സംഭവങ്ങൾ | ഫലങ്ങൾ |
|---|---|
| നാസിസം<br>ഫാസിസം<br>..............................................<br>..............................................<br>.............................................. | ആൾനാശം |

- വേഴ്സായ് ഉടമ്പടി
- മ്യൂണിച്ച് ഉടമ്പടി
- അച്ചുതണ്ട് ശക്തി
  സഖ്യശക്തി
- സോവ്യറ്റ് - ജർമ്മൻ അനാക്രമണ സന്ധി
- സ്പെയിനിലെ ആഭ്യന്തരയുദ്ധം
- ജർമ്മനിയുടെ ആഭ്യന്തരയുദ്ധം
- ജർമ്മനിയുടെ പോളണ്ടാക്രമണം
- ജപ്പാന്റെ പേൾഹാർബർ ആക്രമണം

- സാമ്പത്തിക തകർച്ച
- കൃഷി, വ്യവസായം, ഗതാഗതം
  എന്നിവയുടെ തകർച്ച
- അണുപ്രസരണം
- യു.എൻ.യുടെ രൂപീകരണം
- സംസ്കാരങ്ങളുടെ തകർച്ച
- ശാസ്ത്രസാങ്കേതികവിദ്യയുടെദുരുപയോഗം
- സർവ്വസംഹാരിയായ ആയുധങ്ങളുടെ
  പ്രയോഗം
- യൂറോപ്യൻ ആധിപത്യ ആയുധങ്ങ
  ളുടെ പ്രയോഗം
- യൂറോപ്യൻ ആധിപത്യത്തിന്റെ
  അവസാനം
- ഏഷ്യയിലെയും ആഫ്രിക്കയിലെയും
  കോളനികളുടെ സ്വാതന്ത്ര്യം.
- ശാക്തിക ചേരികൾ
- ശീതസമരം.

പ്രവർത്തനം-3

രണ്ടാം ലോകമഹായുദ്ധാനന്തരം യു.എൻ.ഒ. എന്ന സമാധാന സംഘടന രൂപീകരിക്കപ്പെട്ടു. ഈ സംഘടനയുടെ ലക്ഷ്യം, ഘടകം, പ്രവർത്തനം, പ്രവർത്തന വൈകല്യങ്ങൾ എന്നിവ കണ്ടെത്തി പട്ടിക വിപുലപ്പെടുത്തുക.

| | | സൂചനകൾ |
|---|---|---|
| ലക്ഷ്യങ്ങൾ | അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക | രാജ്യങ്ങൾ തമ്മിൽ സൗഹാർദ്ദം<br>അന്താരാഷ്ട്ര സഹകരണം<br>യുദ്ധങ്ങൾ തടയുക<br>പൊതു ലക്ഷ്യം നേടുന്നതിന് വിവിധ രാജ്യങ്ങലുടെ സമന്വയ കേന്ദ്രമായി പ്രവർത്തിക്കുക. |
| ഘടകങ്ങൾ | പൊതുസഭ<br>..........................................<br>......................................... | രാക്ഷാസമിതി<br>സെക്രട്ടറിയേറ്റ്<br>ട്രസ്റ്റിഷിപ്പ് കൗൺസിൽ<br>അന്താരാഷ്ട്ര നീതിന്യായ കോടതി<br>സാമ്പത്തിക-സാമൂഹ്യ സമിതി |
| പ്രവർത്തനം | യുദ്ധങ്ങൾ ഒഴിവാക്കി | അടിമത്തത്തിനെതിരെ പ്രവർത്തിച്ചു<br>ദാരിദ്ര്യ നിർമ്മാർജനം<br>അതിർത്തി പ്രശ്നങ്ങൾ പരിഹരിച്ചു<br>രോഗനിർമാർജ്ജനം<br>വർണവിവേചനത്തെ എതിർത്തു<br>തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ<br>നിരായുധീകരണ പ്രവർത്തനങ്ങൾ<br>വിദ്യാഭ്യാസ-ആരോഗ്യ-ശാസ്ത്ര പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മുതലായവ..... |
| പ്രവർത്തന വൈകല്യം/ | വീറ്റോ അധികാരം<br>..............................<br>..............................<br>സ്വന്തമായി സൈനിക സംവിധാനം ഇല്ലാത്തത് | അംഗരാജ്യങ്ങളുടെ മേൽആധിപത്യമില്ല<br>നിരായുധീകരണം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല<br>അമേരിക്കയുടെ ഏകധ്രുവലോക പ്രവർത്തനം<br>സാമ്പത്തിക ഭദ്രതയില്ലായ്മ |

## തുടർപ്രവർത്തനങ്ങൾ

**തുടർപ്രവർത്തനം**

എ) ടൈം ലൈൻ തയ്യാറാക്കുക: 1943, 1945, 1939, 1941, 1940

ത്രികക്ഷിസഖ്യം, ജപ്പാന്റെ പേൾ ഹാർബർ ആക്രമണം, സോവിയറ്റ് - ജർമ്മൻ അനാക്രമണ സന്ധി, രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു, മോസ്കോ സമ്മേളനം.




ബി) ടൈം ലൈൻ തയ്യാറാക്കുക: 1943, 1945, 1941, 1919, 1944

അറ്റ്ലാന്റിക് ചാർട്ടർ, ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം, വേഴ്സായി ഉടമ്പടി, മോസ്കോ സമ്മേളനം, ഡെംബാർട്ടൻ - ഓക്സ് സമ്മേളനം




**തുടർപ്രവർത്തനം - 2**

എ, ബി. സി. കോളങ്ങൾ ശരിയായി യോജിപ്പിച്ചെഴുതുക.

| | എ | ബി | സി |
|---|---|---|---|
| 1 | അറ്റലാന്റിക് ചാർട്ടർ | അച്ചുതണ്ട് സംഖ്യം | ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസി |
| 2. | മോസ്കോ സമ്മേളനം | സെക്രട്ടറി ജനറൽ | പൊതുസഭയിൽ അധ്യക്ഷത വഹിക്കുക |
| 3 | ഹിറ്റ്ലർ | 1943 | അമേരിക്ക, ബ്രിട്ടൻ |
| 4 | സെക്രട്ടറിയേറ്റ് | ലോകജനതയുടെ ആരോഗ്യ സംരക്ഷണം | യുദ്ധാനന്തരം ലോകസമാധാനത്തിന് സംഘടന വേണം |
| 5 | ലോകാരോഗ്യ സംഘടന | ഫാസിസ്റ്റ് വിരുദ്ധ മുന്നണി | ഫാസിസ്റ്റ് ലോകാക്രമണ പരിപാടി |

| | എ | ബി | സി |
|---|---|---|---|
| 1 | അറ്റലാന്റിക് ചാർട്ടർ | | |
| 2 | മോസ്കോ സമ്മേളനം | | |
| 3. | ഹിറ്റ്ലർ | | |
| 4. | സെക്രട്ടറിയേറ്റ് | | |
| 5 | ലോകാരോഗ്യ സംഘടന | | |

**തുടർപ്രവർത്തനം – 3**

മ്യൂണിച്ച് ഉടമ്പടി ഫാസിസ്റ്റ് ശക്തികൾക്ക് അനുകൂലമായ ഒരു വഴിത്തിരിവായിരുന്നു എന്ന അഭിപ്രായത്തോട് നിങ്ങൾക്കുള്ള പ്രതികരണം രേഖപ്പെടുത്തുക.

**സൂചന**

സുഡറ്റൻലാന്റിൽ അധികവും ജർമ്മൻ വംശജരായിരുന്നു. ജർമ്മൻ വംശജൻ കോമ്റാഡ് ഹെൻലിന്റെ നേതൃത്വത്തിൽ കലാപം നടത്തി – സുഡറ്റൻലാന്റിനെ ജർമ്മനിയുമായി ലയിപ്പിക്കുക യായിരുന്നു ഉദ്ദേശം – ഹിറ്റ്ലർ കലാപത്തെ പിന്തുണച്ചു – ചെക്കോസ്ലാവാക്യ ഈ ആവശ്യം നിരാ കരിച്ചു – യുറോപ്യൻ രാജ്യങ്ങളുടെ സമ്മേളനം 1938ൽ ജർമ്മൻ നഗരമായ മ്യൂണിച്ചിൽ ചേർന്നു – ഹിറ്റ്ലർ, മുസോളിനി, ചേംബർലെയ്ൻ എന്നിവർ പങ്കെടുത്തു – ഒരു ധാരണാപത്രം തയ്യാറാക്കി – ഇതിൽ പ്രകാരം സുഡറ്റൻലാന്റ് ജർമ്മനിക്ക് നൽകാൻ തീരുമാനിച്ചു.

**തുടർപ്രവർത്തനം – 4**

ഒരു യുദ്ധം മറ്റൊരു യുദ്ധത്തിന് വിത്തുപാകുന്നു – ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന സാധൂകരിക്കുക.

**ഉത്തര സൂചിക**

വേഴ്സായ് ഉടമ്പടിയിലെ വ്യവസ്ഥകൾ – സർവ്വരാജ്യ സഖ്യത്തിന്റെ പരാജയം – മ്യൂണിച്ച് ഉട മ്പടി – നാസിസം – ഫാസിസത്തിന്റെ വളർച്ച – സൈനിക സഖ്യങ്ങളുടെ രൂപീകരണം – സാമ്പ ത്തിക പ്രതിസന്ധികൾ – പ്രീണന നയങ്ങൾ – ഫാസിസ്റ്റ് അധിനിവേശങ്ങൾ.

**തുടർ പ്രവർത്തനം – 5**

ഇന്ത്യക്ക് ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതിയിൽ സ്ഥിരാംഗത്വം ലഭിക്കണമെന്ന ആവശ്യത്തേക്കുറിച്ച് നിങ്ങളുടെ പ്രതികരണം കുറിക്കുക.

ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതിയുടെ പ്രവർത്തനങ്ങൾ ജനാധിപത്യ സങ്കല്പ ങ്ങൾക്ക് അനുസൃതമല്ല. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

**സൂചന**

രക്ഷാസമിതിയുടെ ഘടന (സ്ഥിരാംഗത്വം – താൽക്കാലികാംഗത്വം) വീറ്റോ അധികാരം

**തുടർപ്രവർത്തനം - 6**

പദസൂര്യൻ പൂർത്തിയാക്കുക




Peergroupന്റെ സഹായത്തോടുകൂടിയോ, ചാർട്ട് പ്രദർശനത്തിലൂടെയോ പൂർത്തീകരിക്കാവുന്നതാണ്.

**തുടർപ്രവർത്തനം - 6**

പദസൂര്യൻ പൂർത്തീകരിക്കുക




- ഭക്ഷ്യ - കാർഷിക സംഘടന
- ലോക തൊഴിൽ സംഘടന
- കുട്ടികളുടെ ക്ഷേമത്തിനുള്ള സംഘടന
- ഐക്യരാഷ്ട്ര വിദ്യാഭ്യാസ - ശാസ്ത്ര - സാംസ്കാരിക സംഘടന
- അന്താരാഷ്ട്ര നാണയ നിധി

അദ്ധ്യാപകന്റെ / സഹപാഠിയുടെ സഹായത്തോടെ ചാർട്ട് തയ്യാറാക്കുന്നു.

**തുടർപ്രവർത്തനം – 7**

ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതിയിലേക്കുള്ള സ്ഥിരാംഗത്വത്തിന് ഇന്ത്യ വാദിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ അവകാശ വാദത്തിന് എന്തൊക്കെ ന്യായീകരണങ്ങളാണ് ഉന്നയിക്കാനുള്ളത്.

**ഉത്തര സൂചിക**

ഇന്ത്യ സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ഐക്യരാഷ്ട്ര സംഘടനയിൽ അംഗമായിരുന്നു- രക്ഷാസമിതിയിൽ പലപ്പോഴും താൽക്കാലിക അംഗമായി പ്രവർത്തിച്ചിട്ടുണ്ട് – അന്താരാഷ്ട്ര പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടിട്ടുണ്ട്. ചേരിചേരാനയം അനുവർത്തിച്ചുവരുന്നു – സമാധാന പാലന സേനയിൽ സേവനം നൽകിവരുന്നു – വർണവിവേചനത്തിനെതിരായ നയം സ്വീകരിച്ചിട്ടുണ്ട് – ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം – ലോകജനസംഖ്യയുടെ ഏഴിലൊന്ന് ഉൾക്കൊള്ളുന്നു.

**തുടർപ്രവർത്തനം – 9**

ഒരു സമാധന പാലന ഏജൻസി എന്ന നിലയിൽ ശാശ്വത സമാധാനം സ്ഥാപിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടനക്ക് സാധിച്ചോ? ഐക്യരാഷ്ട്ര സംഘടനയും അതിന്റെ ദൗത്യനിർവ്വഹണവും ചർച്ച ചെയ്യുക.

ചർച്ചാ സൂചകങ്ങൾ

1. **യുദ്ധങ്ങൾ ഇല്ലാതാക്കാനും സമാധാനം സ്ഥാപിക്കാനും യു.എൻ.ന് കഴിയുന്നുണ്ടോ?**

(അന്തർദേശിയ സമാധാനവും സുരക്ഷിതത്വവും നിലനിർത്താൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട് – പ്രശ്നങ്ങൾ ഒത്തുതീർപ്പിലെത്തിച്ചിട്ടുണ്ട് – വീറ്റോ അധികാരം പ്രവർത്തനങ്ങൾക്ക് തടസം – അമേരിക്കൻ വിദേശ നയം നടപ്പാക്കുന്നതിനുള്ള ഉപാധിയായി മാറുന്നു.

2. **വൻശക്തി രാഷ്ട്രങ്ങളുടെ കളിപ്പാവയാകുന്നുണ്ടോ?**

(ആദ്യകാലങ്ങളിൽ അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും ആധിപത്യം പുലർത്തിയിരുന്നു – 1975നുശേഷം ആഫ്രോ–ഏഷ്യൻ രാജ്യങ്ങൾ യു.എൻ. അംഗങ്ങളായി – യു.എൻ.ഒ.ക്ക് അധികാരം പൂർണ്ണമായും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല – ഐ.എം.എഫ്, ലോകബാങ്ക് ഇവയുടെ പ്രവർത്തന മൂലധനം പ്രധാനമായും അമേരിക്കൻ സംഭാവന)

3. **അംഗരാഷ്ട്രങ്ങളുടെ പരമാധികാരം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ?**

(ലോകത്തിലെ നിരവധി രാജ്യങ്ങളെ കോളനിവാഴ്ചയിൽ നിന്നും മോചിപ്പിച്ചു – അംഗരാഷ്ട്രങ്ങളുടെ പരമാധികാരം പലപ്പോഴും ഉറപ്പിക്കാൻ സാധിക്കുന്നില്ല – സൈനിക സഖ്യങ്ങൾ, മേഖലാ സംഘട്ടനങ്ങൾ യു.എൻ.ഒ.യുടെ സ്വാധീനം കുറച്ചിട്ടുണ്ട്. ഉദ- അമേരിക്കയുടെ വിയറ്റ്നാം ആക്രമണം, അമേരിക്കയുടെ ഇറാക്ക് ആക്രമണം – ഗ്വാട്ടിമാല, നിക്കാരാഗ്വോ എന്നിവയുടെ മേൽ അമേരിക്കയുടെ ആക്രമണം)

4. **മനുഷ്യാവകാശ പോരാട്ടങ്ങളെ യു.എൻ.നിഷ്പക്ഷമായി സഹായിക്കുന്നുണ്ടോ?**

(1945 ഡിസംബർ 10ന് യു.എൻ. മനുഷ്യാവകാശ പ്രഖ്യാപനം നടത്തി – മനുഷ്യാവകാശം സംബന്ധിച്ച് രണ്ട് ഉടമ്പടികൾ അംഗീകരിച്ചു – ഒന്നാമത്തേത് മനുഷ്യന്റെ സാമ്പത്തിക – സാമൂഹ്യ – സാംസ്കാരിക അവകാശങ്ങളെക്കുറിച്ചും, രണ്ടാമത്തേത് രാഷ്ട്രീയ – സാമൂഹ്യ അവകാശങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. വർണവിവേചനത്തെ വിമർശിക്കുന്നു – മനുഷ്യാവകാശ പോരാട്ടങ്ങളെ നിഷ്പക്ഷമായി സഹായിക്കുന്നു.

5. **സാമാധന പാലന ഏജൻസി എന്ന നിലയിൽ യു.എൻ. നടത്തിയ പ്രശ്നപരിഹാരങ്ങൾ**

(സോവിയറ്റ് – ഇറാൻ പ്രശ്നം പരിഹരിച്ചു (1946) – ഹോളണ്ടും ഇൻഡോനേഷ്യയും തമ്മിലുള്ള യുദ്ധത്തിന് പരിഹാരം കണ്ടെത്തി (1946) – കാശ്മീർ പ്രശ്നത്തിൽ ഇന്ത്യാ – പാക്കിസ്ഥാൻ വെടിനിർത്തൽ (1948) – പാലസ്തീൻ പ്രശ്നത്തിൽ ഇടപെട്ടു (1948) – ഉത്തര – ദക്ഷിണ കൊറിയകൾ തമ്മിലുള്ള പ്രശ്നം (1950) – സൂയസ് കനാൽ ദേശസാത്കരണവുമായി ബന്ധപ്പെട്ട പ്രശ്നം (1956) – കോംഗോയിലെ ആഭ്യന്തര കലാപം അവസാനിപ്പിക്കാൻ മുൻകൈയെടുത്തു – സൈപ്രസിൽ ഗ്രീക്കുകാരും തുർക്കികളും തമ്മിലുണ്ടായ പ്രശ്നത്തിൽ സൈനിക ഇടപെടൽ നടത്തി (1963) – ഇന്ത്യാ – പാക്കിസ്ഥാൻ യുദ്ധം അവസാനിപ്പിക്കാൻ മുൻകൈയെടുത്തു (1956) – ഇറാൻ – ഇറാഖ് യുദ്ധത്തിൽ ഇടപെട്ട് യുദ്ധം അവസാനിപ്പിച്ചു (1988) – ഇറാഖ് അധിനിവേശത്തിൽനന്നും കുവൈറ്റിനെ മോചിപ്പിക്കുന്നതിന് സഹായിച്ചു (1991)

**തുടർപ്രവർത്തനം – 9 (പ്രോജക്ട് സി. ഇ.)**

യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ നിങ്ങളുടെ നിഗമനം സമർത്ഥിക്കുക.

**ഉത്തര സൂചിക**

- യുദ്ധം പ്രശ്നങ്ങൾ പരിഹരിക്കുന്നില്ല
- ഒന്നാം ലോകമഹായുദ്ധത്തിന്റെ തുടർച്ചയാണ് രണ്ടാം ലോകമഹായുദ്ധമെന്ന് കാണാൻ കഴിയും

**പരിശോധിക്കപ്പെടേണ്ട വസ്തുതകൾ**

– വേഴ്സായി ഉടമ്പടി – സർവ്വരാജ്യ സഖ്യത്തിന്റെ പരാജയം – മ്യൂണിച്ച് ഉടമ്പടി – സാമ്പത്തിക പ്രതിസന്ധികൾ – വിവിധതരം ദേശീയതകൾ – ഫാസിസ്റ്റ് അധിനിവേശങ്ങൾ – സൈനിക സഖ്യങ്ങളുടെ രൂപീകരണം – അനാക്രമണ സന്ധികൾ – പ്രീണന നയങ്ങൾ – നിരായുധീകരണം പൂർണ്ണമായും നടപ്പിലാകാത്തത് – ശാക്തികചേരികളുടെ ഉദയം.

# യൂനിറ്റ് 4

# യുദ്ധാനന്തര ലോകം

**പാഠഭാഗത്ത് കൂടി കടന്നുപോകുമ്പോൾ**

രണ്ടാംലോക മഹായുദ്ധത്തിനുശേഷം ലോകത്ത് നാടകീയമായി പലമാറ്റങ്ങളുമു ണ്ടായ. ഒരേ സംഖ്യത്തിൽ പാങ്കാളികളായി യുദ്ധം ചെയ്തവർ വേർപിരിഞ്ഞു. യുദ്ധാന ന്തര ലോകത്തിന്മേലുള്ള ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യം എന്ന അമേരിക്കയുടെ സ്വപ്നത്തെ വെല്ലുവിളിക്കാൻ പോന്ന ശ്ക്തിയായി സോവ്യറ്റ് യൂനിയൻ ഉയർന്നുവന്ന പ്പോൾ ലോകത്ത് ഇരുധ്രുവ രാഷ്ട്രീയം നിലവിൽ വന്നു. അമേരിക്കയുടെയും സോവി യറ്റ് യുനിയന്റെയും നേതൃത്വത്തിൽ രാഷ്ട്രങ്ങളുടെ ചേരികൾ പിറവിയെടുത്തു. ലോക ത്തിന്റെ ആധുനിക ചരിത്രം മുന്നേറുന്നത് യുദ്ധാനന്തര കാലഘട്ടത്തിലൂടെയാണന്നതി നാൽ അക്കാലത്തെ പ്രശ്നങ്ങളും പ്രതിസന്ധികളും ജനകീയ പോരാട്ടങ്ങളും തൽഫല മായുണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള ധാരണ കുട്ടികൾ രൂപപ്പെടേണ്ടതുണ്ട്.

**പ്രക്രിയ**

മാധ്യമങ്ങൾ, ഇതര വായനാ സാമഗ്രികൾ, ഭൂപടം എന്നിവയുടെ സഹായത്താൽ സോഷ്യലിസ്റ്റ് ആശയങ്ങളുടെ വ്യാപനം, ശീതയുദ്ധം, നവസ്വതന്ത്ര രാഷ്ട്രങ്ങൾ, ചേരി ചേരാ പ്രസ്ഥാനം എന്നിവയെക്കുറിച്ച് വിവരശേഖരണത്തിലൂടെ ആശയരൂപീകരണം നട ത്തുന്നുന്നതിന്.

## പ്രവർത്തനങ്ങൾ

**പ്രവർത്തനം - 1**

ചർട്ടിന്റെ സഹായത്താൻ ലോകമഹായുദ്ധത്തിൽ അമേരിക്ക കൈവരിച്ച നേട്ടങ്ങൽ ക്ലാസിൽ വിശകലനം ചെയ്യുന്നു.

**പ്രവർത്തനം - 2**




| | |
|---|---|
| Area | : 356730 Sq. km |
| CAPITAL | : BERLIN |
| CURRENCY | : EURO |
| OFFICIAL LANGUAGE: GERMAN | |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതേത് രാജ്യങ്ങളുടെ നിയന്ത്രണത്തിലാ യിരുന്നുവെന്ന് ലോക ഭൂപടത്തിന്റെ സഹായത്താൽ കുട്ടികൾ തിരിച്ചറിയുന്നു.

**സൂചന**

(പശ്ചിമ ജർമ്മനി - സോവിയറ്റ് യൂണിയൻ - കഴിക്കൻ ജർമ്മനി - ബ്രിട്ടൻ - ഫ്രാൻസ് - അമേരിക്ക) ബർലിൻ മതിൽകൊണ്ട് വിഭജിക്കപ്പെട്ട പശ്ചിമപൂർവ്വ ജർമ്മനികളുടെ ചിത്രം (ടിബി.) നിരീക്ഷിക്കുന്നു.

**പ്രവർത്തനം - 3**

**കൊറിയ**




മേൽ സൂചിപ്പിച്ച ഭൂപടത്തിൽ നിന്നും ദക്ഷിണ കൊറിയയുടെ മേലുള്ള ആധിപത്യം അമേരിക്കക്കും ഉത്തര കൊറിയയുടേത് യു.എസ്.എസ്.ആർനുമാണ് കുട്ടികൾ തിരിച്ചറിയുന്നു.

**പ്രവർത്തനം - 4**

കൊറിയൻ വിപ്ലവത്തിന്റെ സാഹചര്യം, ഗതി, ഇടപെടൽ, ഫലങ്ങൾ എന്നിവ വിയറ്റ്നാം വിപ്ലവവുമായി ബന്ധമുണ്ട്. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ പോരാട്ടത്തെ താരതമ്യം ചെയ്യുക.

| കൊറിയൻ വിപ്ലവം | വിയറ്റ്നാം വിപ്ലവം |
|---|---|
| | |

**പ്രവർത്തനം - 5**

ലോകത്ത് ഇന്നുള്ള യുദ്ധങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ, യുദ്ധകാല അത്യാഹിതങ്ങളുടെ ചരിത്രങ്ങൾ എന്നിവയിലൂടെ താഴെ പറയുന്ന വസ്തുതകളിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ അണുബോംബ് വർഷിച്ചതിനെ തുടർന്ന് അമേരിക്ക സൈനിക ശക്തികേന്ദ്രമായി മാറിയതും അണുപരീക്ഷണ വിജയത്തെതുടർന്ന് സോവിയറ്റ് യൂണിയൻ മറ്റൊരു ശക്തീകേന്ദ്രമായി വളർന്നതും ഇരുരാജ്യങ്ങളും തമ്മിലുള്ള ശത്രുത (ആശയപരം) ലോകത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു. തുടർന്ന് ശീതയുദ്ധം വളർത്തുന്നതിൽ അമേരിക്കൻ ചേരിയും സോവിയറ്റ് ചേരിയും വഹിച്ച പങ്ക് പരിശോധിച്ച് പട്ടിക പൂർത്തീകരിക്കാൻ (ടി.ബിയുടെ സഹായത്താൽ) ആവശ്യപ്പെടുന്നു.

| അമേരിക്കൻ ചേരി | സോവിയറ്റ് ചേരി/സോഷ്യലിസ്റ്റ് ചേരി |
|---|---|
| - മുതലാളിത്ത വ്യവസ്ഥിതി ലോകമെങ്ങും സ്ഥാപിക്കാൻ ശ്രമിച്ചു | - സോഷ്യലിസ്റ്റ് വ്യവസ്ഥിതി പ്രചരിപ്പിക്കാൻ ശ്രമിച്ചു. |
| - | - |
| - | - |
| - | - |
| - | - |

**പ്രവർത്തനം - 6**

ശീതസമരത്തിന്റെ ഫലമായുണ്ടായ സൈനിക സഖ്യങ്ങൾ, ഒപ്പുവെച്ച സ്ഥലം, തീയ്യതി, ആസ്ഥാനം, അംഗരാജ്യങ്ങൾ, അവയുടെ ലക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ടി.ബി. യുടെ സഹായത്താൽ ഒരു പട്ടിക തയ്യാറാക്കുക.

**പ്രവർത്തനം - 7**

ക്ലാസിനെ 5 ഗ്രൂപ്പുകളാക്കി. (ഗ്രൂപ്പുകളുടെ പേരുകൾ - അറബ് - ഇസ്രായേൽ യുദ്ധം, സൂയസ്കനാൽ പ്രതിസന്ധി, ക്യൂബൻ പ്രതിസന്ധി, മിസൈൽ പ്രതിസന്ധി, ഇറാൻ - ഇറാഖ് യുദ്ധം) നൽകിയിരിക്കുന്ന പേരുകളുടെ വിശദാംശങ്ങൾ, ടി. ബി. മറ്റ് വായനാകുറിപ്പുകൾ എന്നിവയുടെ സഹായത്താൽ ഗ്രൂപ്പ് തല ചർച്ചയിലൂടെ അവതരിപ്പിക്കുന്നു.

അധ്യാപകന്റെ കോഡീകരണം.

**പ്രവർത്തനം - 8**

ക്ലാസിനെ യു.എസ്.എ., യു.എസ്.എസ്.ആർ. എന്നിങ്ങനെ 2 ഗ്രൂപ്പകളാക്കി ശീതയുദ്ധത്തിന്റെ അന്ത്യം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

**പ്രവർത്തനം - 9**

യു.എസ്.എ., യു.എസ്.എസ്.ആർ. എന്നിവയുടെ ചേരിയിൽപെടാത്ത രാജ്യങ്ങളുടെ കൂട്ടായ്മയാണ് ചേരിചേരാ പ്രസ്ഥാനം. ഇതിലെ അംഗരാജ്യങ്ങളുടെ പേരുകൾ ശേഖരിച്ചുകൊണ്ട് പ്രസ്തുത പ്രസ്ഥാനത്തിന്റെ പ്രസക്തിയും പ്രയോഗവും വിലയിരുത്തുന്നു. (കൂടുതൽ വിശദാംശങ്ങൾക്ക് എച്ച് ബി. പേജ് 63)

എന്താണ് ചേരിചേരാ പ്രസ്ഥാനം, അതിന്റെ വക്താവ് ആര് എന്ന് മനസ്സിലാക്കുക.

**തുടർ പ്രവർത്തനങ്ങൾ**

(1) ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തീകരിക്കുക.

| യൂദ്ധങ്ങൾ | കാരണങ്ങൾ | ഫലങ്ങൾ |
|---|---|---|
| ചൈനയിലെ വിപ്ലവം | | |
| ശീതയുദ്ധം | | |
| പലസ്തീൻ-ഇസ്രായേൽ യുദ്ധം | | |
| സൂയസ് കനാൽ പ്രതിസന്ധി | | |
| ക്യൂബൻ പ്രതിസന്ധി | | |
| മിസൈൽ പ്രതിസന്ധി | | |
| ഇറാൻ - ഇറാഖ് യുദ്ധം | | |

(2) എ., ബി., സി. കോളങ്ങൾ ശരിയായി യോജിപ്പിച്ചെഴുതുക.

| എ | എ | എ |
|---|---|---|
| ജനകീയ വിമോചന സേന | യാസർ അറാഫത്ത് | പടിഞ്ഞാറ് യൂറോപ്പ് |
| ഡമോക്രാറ്റിക് റിപ്പബ്ലിക്ക് | അയത്തുള്ള ഖൊമൈനി | കമ്മ്യൂണിസം |
| ഇസ്ലാമിക് റിപ്പബ്ലിക്ക് | മാവോസേതൂങ്ങ് | പാലസ്തീൻ |
| പി.എൽ.ഒ. | 1949 | ചൈന |
| ഉത്തര അറ്റ്ലാന്റിക് ഉടമ്പടി | ഹോചിമിൻ | ഇറാൻ |

(3) കാലഗണനാരേഖ തയ്യാറാക്കുക.

1961
1956
1955
1949
1879

(സിയോണിസ്റ്റ് പ്രസ്ഥാനം രൂപീകരിച്ചു, ചൈന ജനകീയ റിപ്പബ്ലിക്കായി, ബാന്ദൂങ്ങ് സമ്മേളനം, ആദ്യചേരിചേരാപ്രസ്ഥാനം, സൂയസ് കനാൽ ദേശസാൽക്കരിച്ചു)

**തുടർ പ്രവർത്തനം - 4**

സോവിയറ്റ് യൂണിയന്റെ പതനം ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി ഇല്ലാതാക്കിയിരിക്കുന്നു. ഏകധ്രുവ ലോകത്തിൽ സാമ്രാജ്യത്വ ചൂഷണത്തിനെതിരെയും സാമ്പത്തിക രംഗത്തെ പരസ്പര സഹകരണത്തെ ലക്ഷ്യം വെച്ചും ഈ കൂട്ടായ്മ നിലനിർത്തണം. അന്താരാഷ്ട്ര പ്രശ്നങ്ങൾ സംബന്ധിച്ചുള്ള ഈ രണ്ടു വാദഗതികളിൽ നിങ്ങൾ ഏതിനോട് യോജിക്കുന്നു? എന്തുകൊണ്ട്?

**ഉത്തര സൂചന**

പ്രസക്തിയുണ്ട് - രണ്ടാമത്തെ വാദഗതിയോട് യോജിക്കുന്നു.

- സാമ്രജ്യത്വത്തിനെതിരായി പ്രവർത്തിക്കുന്നു
- സാർവ്വദേശീയ സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കാൻ ശ്രമിക്കുന്നു.
- നിരായുധീകരണത്തിന് വേണ്ടി പ്രവർത്തിക്കുന്നു.
- വംശീയതക്കെതിരെ പ്രവർത്തിക്കുന്നു
- വർണ്ണവിവേചനം പൂർണ്ണമായും ഇല്ലാതാക്കൻ ശ്രമിക്കുന്നു.
- ശീതയുദ്ധം അവസാനിച്ചെങ്കിലും ലോകം ഇന്നും സംഘർഷങ്ങളിൽ മോചിതമല്ല
- മത അസഹിഷ്ണുത, ആഗോള തീവ്രവാദം, പരിസ്ഥിതി പ്രശ്നങ്ങൾ, സാമ്രാജ്യത്വ ശക്തികളുടെ അധിനിവേശം എന്നിവ ലോകത്തെ പ്രത്യേക സാഹചര്യത്തിൽ എത്തിച്ചിരിക്കുന്നു.

-പുതിയ ലോകം കെട്ടിപ്പടുക്കാൻ ചേരിചേരാ പ്രസ്ഥാനത്തിന് സാധിക്കും.

- വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക അവകാശങ്ങൽ സംരക്ഷിക്കുന്നതിൽ ചേരി ചേരാ പ്രസ്ഥാനത്തിന് പ്രസക്തിയുണ്ട്.

**തുടർപ്രവർത്തനം - 5**

ലോകത്തിനുമേലുള്ള ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യം അമേരിക്കയുടെ ചിര കാല സ്വപ്നമായിരുന്നു. ആ സ്വപ്നം നേടാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക.

**സൂചന**

യുദ്ധോപകരണങ്ങൾ സംഖ്യകക്ഷികൾക്ക് വിറ്റു

ജർമ്മനി / ജപ്പാൻ പതനം, അമേരിക്കക്ക് മേൽക്കോയ്മ നൽകി

വ്യവസായിക ഉൽപദാനം കൂടി

യുദ്ധം അമേരിക്കൻ മണ്ണിൽ നടന്നില്ല

ബ്രിട്ടനും ഫ്രാൻസും സാമ്പത്തികാവശ്യങ്ങൾക്ക് അമേരിക്കൻ സഹായം തേടി

**തുടർപ്രവർത്തനം - 6**

ചേരിചേരാ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, ബലഹീനതകൾ, പ്രസക്തി എന്നിവ കണ്ടെത്തി പട്ടിക വിപുലീകരിക്കുക.

| ലക്ഷ്യങ്ങൾ | നേട്ടങ്ങൾ | ബലഹീനതകൾ | പ്രസക്തി |
|---|---|---|---|
| കൊളോണിയലിസവും സാമ്രാജ്യത്വവും അവസാനിപ്പിക്കുക | ആഫ്രിക്കൻ രാജ്യങ്ങളിലെ പലതും സ്വാതന്ത്ര്യം നേടി | പ്രവർത്തനങ്ങൾ പലതും കടലാസിൽ മാത്രം<br>അംഗരാജ്യങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞില്ല | സാമ്പത്തിക ചൂഷണം |

| | | | |
|---|---|---|---|
| ടി.ബി. പേജ് 50 പരിശോധിച്ച് ഉത്തരം പൂർത്തീകരിക്കുക | ഇന്ത്യയിൽ ഗോവ, ഡിയു, ഡാമൻ തുടങ്ങിയ പോർച്ചുഗീസ്<br><br>അന്താരാഷ്ട്ര സംഘർഷങ്ങൾക്ക് അയവു വരുത്തി<br>ശാക്തിക ചേരികൾക്കിടയിൽ മദ്ധ്യസ്ഥം വഹിച്ചു<br><br>യു.എൻ.ഒ.വിന്റെ ശ്രമങ്ങൾക്ക് സഹായം നൽകുന്നു<br>അന്തർദ്ദേശീയ ബന്ധങ്ങളെജനാധിപത്യവൽക്കരിക്കുവാൻ ശ്രമിച്ചു. | ഇന്ത്യ-പാക്കിസ്ഥാൻ ഇറാൻ-ഇറാഖ് പ്രസ്ന പരിഹാരത്തിന് കഴിഞ്ഞില്ല<br><br>ഗൾഫ് പ്രതിസന്ധികളിൽ ദുർബ്ബല പങ്ക് | വികസ്വരരാജ്യങ്ങൾക്ക് സാമ്പത്തിക സംരക്ഷണം<br><br>ലോകംസംഘർഷളിൽ നിന്നും മോചിതമല്ല<br>മതപരമായ പ്രശ്നങ്ങൾ ഭീകരവാദം, പരിസ്ഥിതി പ്രശ്നങ്ങൾ വിദേശ അധിനിവേശം എന്നിവ നിലനിൽക്കുന്നു |

**തുടർ പ്രവർത്തനം - 7**

ശീതയുദ്ധം മൂലം ഉടലെടുത്ത സൈനികസംഖ്യങ്ങളെ അടിസ്ഥാനമാക്കി ചുവടെ കൊടുത്തിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| സൈനിക സഖ്യങ്ങൾ | രൂപം സംഖ്യത്തിൽ | ആസ്ഥാനം | ലക്ഷ്യങ്ങൾ |
|---|---|---|---|
| 1. നാറ്റോ | 1949 | യൂറോപ്പ് | സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക. |
| 2.സിയാറ്റോ | | | |
| 3. സിന്റോ | | | |
| 4. വാഴ്സാപാക്റ്റ് | | | |

പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുക.

# യൂനിറ്റ് 5

## നവലോകം

### പാഠഭാഗത്ത് കൂടി കടന്നുപോകുമ്പോൾ

രണ്ട് ലോകമഹായുദ്ധങ്ങൾക്കൊടുവിൽ രൂപംകൊണ്ട ശാക്തികചേരികളിൽ സോവിയറ്റ് യൂനിയൻ ഉൾപ്പെട്ട ശാക്തീകചേരിയുടെ പതനവും സോവിയറ്റ് യൂനിയന്റെ ശീഥിലീകരണവും ലോക സംഭവഗതികളെ മാറ്റിതീർത്തത് എങ്ങിനെയെന്ന് ചർച്ചചെയ്യപ്പെടുന്നു. കോളനിയുടെ വിമോചനം സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ സാമ്പത്തിക ചൂഷണത്തിന് കനത്ത പ്രഹരമായിമാറിയതോടെ പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ച ധനസമാഹരണത്തിനുള്ള ശ്രമങ്ങൾ തുടങ്ങി. ഇത് പുതിയ ലോകക്രമം രൂപം കൊള്ളാൻ ഇടയാക്കി. പുതിയ കോളനിവൽക്കരണത്തിന് സമ്പന്നരാഷ്ട്രങ്ങളും ദേശാന്തര കമ്പനികളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത് ലോകരാഷ്ട്രങ്ങളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും നവചൂഷണത്തിനെതിരെ നടക്കുന്ന ചെറുത്തുനില്പിനെക്കുറിച്ചും ധാരണ നേടുന്നു.

### രൂപപ്പെടേണ്ട ആശയങ്ങൾ

രണ്ടാം ലോകമഹായുദ്ധാനന്തരം രൂപംകൊണ്ട ശാക്തിക ചേരികളിൽ സോഷ്യലിസ്റ്റ് ചേരിയുടെ നേതൃത്വം വഹിച്ചിരുന്ന സോവിയറ്റ് യുനിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സമ്പദ്ഘടനയിൽ പ്രതിസന്ധികൾ രൂപപ്പെടുകയും സോവിയറ്റ് യൂനിയൻ ഉൾപ്പെടെ ശക്തികളുടെ ശീതയുദ്ധം എന്ന അവസ്ഥ ഇല്ലാതാവുന്നതിനും കാരണമായി.

ഇത് അമേരിക്കയുടെ മേൽക്കോയ്മക്കും ഏകധ്രുവലോകത്തിന്റെ പിറവിക്കും കാരണമാക്കി. കോളനികളുടെ വിമോചനത്തോടെ സാമ്യാജ്യത്വ ശക്തികൾ ധനസമാഹരണത്തിന് പുത്തൻ തന്ത്രങ്ങൾ ആവിഷ്കരിച്ചു. ശാസ്ത്ര സാങ്കേതിക രംഗത്ത് നവീകരണങ്ങൾ ഉണ്ടാക്കി സമ്പന്ന രാഷ്ട്രങ്ങളും ദേശാന്തര കമ്പനികളും പുത്തൻ കോളനിവൽക്കരണത്തിനുള്ള ശ്രമം നടത്തിവരുന്നു. ഇത് മൂന്നാം ലോക രാജ്യങ്ങളുടെ സമ്പത്തിക സ്ഥിതി തകരുന്നതിനും പരിസ്ഥിതിയുടെ സന്തുലനത്തെ അപകടപ്പെടുത്തുകയും ചെയ്തു. മുഴുവൻ ജനവിഭാഗങ്ങളുടെയും നന്മക്കുവേണ്ടി ചൂഷണത്തിനെതിരെയുള്ള ചെറുത്തുനിൽപ് ശക്തിയാർജ്ജിക്കേണ്ടതുണ്ട്.

### പ്രക്രിയ

ഏകധ്രുവലോകത്തിന്റെ പിറവിയിലേക്ക് നയിച്ച സാഹചര്യത്തെ കുറിച്ച് വാർത്താവിനിമയ മാധ്യമങ്ങൾ മറ്റ് വായനാ സാമഗ്രികൾ എന്നിവയുടെ സഹായത്തോടെ, ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ പുത്തൻ പുരോഗതികളെ മനസ്സിലാക്കി ഇവ സാമ്പത്തിക ചൂഷണത്തിന് എങ്ങനെ വിനിയോഗിക്കുന്നവെന്ന് അറിയുന്നതിനും ആഗോളവൽക്കരണത്തിനെതിരെ ലോകത്തെമ്പാടും നടക്കുന്ന ചെറുത്തുനിൽപ്പുകൾ ആനുകാലികങ്ങളിലൂടെ മനസ്സിലാക്കുന്നതിനും...

## പ്രവർത്തനങ്ങൾ

**പ്രവർത്തനം - 1**

സോവിയറ്റ് യൂണിയന്റെ പതനത്തിന് വഴിയൊരുക്കിയ ചില ധാരണകൾ കൊടുത്തിരിക്കുന്നു. കൂടുതൽ കാര്യങ്ങൾ കണ്ടെത്തി പട്ടിക വിപുലപ്പെടുത്തുക.

സോവിയറ്റ് യൂണിയൻ ഇലക്ട്രോണിക് വ്യവസായവും നൂതന സാങ്കേതിക വിദ്യയും വികസിച്ചില്ല.

**സൂചന**

- ഘന വ്യവസായങ്ങളിലും യുദ്ധോപകരണ നിർമ്മാണ രംഗത്തും കൂടുതൽ ശ്രദ്ധപതിപ്പിച്ചു
- ജീവിത നിലവാരം മറ്റ് വികസിത രാഷ്ട്രങ്ങളെപോലെ ഉയർന്നതായിരുന്നില്ല
- ഉത്പാദന വർദ്ധനവിൽ മാത്രം ശ്രദ്ധിച്ചു
- പൗരാവകാശങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം നൽകിയില്ല.
- ഭരണ രംഗത്തെ അഴിമതി
- ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക തുടങ്ങിയ നവീകരണ പദ്ധതികൾ.

**പ്രവർത്തനം - 2**

സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് മുമ്പും ശേഷവുമുള്ള ഭൂപടം പരിചയപ്പെടുത്തുക

**പ്രവർത്തനം - 3**

1987ൽ സോവിയറ്റ് യൂനിയനിൽ നടപ്പാക്കിയ ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക പരിഷ്കാരവുമായി ബന്ധപ്പെട്ട് സ്വീകരിച്ച ചില നടപടികൾ കൊടുത്തിരിക്കുന്നു.

- രാഷ്ട്രീയ സാമ്പത്തിക മണ്ഡലങ്ങളെ പുനഃസ്ഥാപിക്കുന്ന പദ്ധതി
-
-
-
-

- ഉല്പാദന മേഖലയിലെ ഭരണകൂട നിയന്ത്രണം കുറച്ചു.
- കേന്ദ്രീകൃത ആസൂത്രണം കുറച്ചു
- സ്വകാര്യ നിക്ഷേപവും മത്സരവും അനുവദിച്ചു.
- സമ്പദ്ഘടനയെ കമ്പോള ശക്തികൾക്ക് തുറന്നുകൊടുത്തു
- സാംസ്കാരിക രംഗത്ത് കൂടുതൽ സ്വാതന്ത്ര്യം നൽകി

**സൂചന**

തുടർന്ന് സോവിയറ്റ് യൂനിയന്റെ കെട്ടുറപ്പ് നഷ്ടപ്പെടുത്തുവാൻ ഇവ എത്രമാത്രം വഴിതെളിച്ചു എന്ന് കണ്ടെത്തുന്നതോടൊപ്പം 1929ലെ എൻ.ഇ.പി.യുമായി പരിചയപ്പെടുവാൻ അവസരം നൽകുന്നു.

**ഉത്തര സൂചിക**

- സാമ്പത്തിക സ്ഥിതി വഷളാക്കി
- ദേശീയ വരുമാനം 15% കുറഞ്ഞു
- ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്നവരുടെ ശതമാനം 30 ആയി
- രാഷ്ട്രീയ അട്ടിമറികൾ
- ബോറിസ്യെൽസിന്റെ ഭരണമാറ്റം
- ഗോർബച്ചേവ് 1991ൽ പ്രസിഡണ്ട് സ്ഥാനം രാജിവെച്ചു

1991 ഡിസംബർ 25ന് യു. എസ്. എസ്. ആർ. ഔപചാരികമായി പിരിച്ചുവിട്ടു.

**പ്രവർത്തനം - 4**

സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷമുണ്ടായ സംഭവങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക

- ശീതസമരം അവസാനിപ്പിച്ചു.
- അമേരിക്ക ഏക വൻശക്തിയായി
-
-
-
-

**സൂചന**

- ഐക്യരാഷ്ട്ര സംഘടനയുടെ പ്രമേയങ്ങൾ ലംഘിക്കപ്പെട്ടു.
- ഏകധ്രുവലോകം നിലവിൽ വന്നു
- അമേരിക്കയുടെ ജനാധിപത്യം
- സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ പതനം
- ജർമ്മനിയുടെ ഏകീകരണം
- വാഴ്സാ സഖ്യത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു.
- മുതലാളിത്തം ശക്തമായി

**പ്രവർത്തനം - 5**

രണ്ടാം ലോകമഹായുദ്ധാനന്തരം ശാസ്ത്ര സാങ്കേതിക രംഗത്ത് വൻകുതിച്ചു ചാട്ടമുണ്ടായി. ഈ രംഗത്തുണ്ടായ നവീകരണങ്ങൾ കണ്ടെത്തി വിലയിരുത്തുക.

- യന്ത്രങ്ങൾ നിലവിൽ വന്നു
- തൊഴിലാളികളുടെ എണ്ണം കുറഞ്ഞു

.....................................................................

.....................................................................

.....................................................................

**സൂചിക**

- ആണവോർജ്ജ / സൗരോർജ്ജ പദ്ധതി വ്യാപകമായി
- ജനിതക സാങ്കേതിക വിദ്യ പ്രയോഗിച്ചു.
- കമ്പ്യൂട്ടർ നിലവിൽ വന്നു
- പത്ര - ദൃശ്യ - ശ്രാവ്യ മാധ്യമങ്ങളെ വിപണിക്ക് വേണ്ടി ഉപയോഗിച്ചു.
- പുതിയ സേവന മേഖല രൂപം കൊണ്ടു
- ഗതാഗത പുരോഗതി
- വാർത്താവിനിമയ മേഖലയിൽ വിപ്ലവം

(ഒരു നവലോകം സാധ്യമാണെന്ന ശുഭാപ്തി വിശ്വാസം ഉടലെടുക്കുന്നു.

**പ്രവർത്തനം - 6**

ആഗോളവൽക്കരണം ലോകരാജ്യങ്ങൾക്ക് സാമ്പത്തിക വളർച്ചക്കും അഭിവൃദ്ധിക്കുമുള്ള നിരവധി അവസരം ഒരുക്കുന്നു. എന്നാൽ മൂന്നാം ലോക രാജ്യങ്ങളിൽ തനതായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും അഭിപ്രായപ്പെടുന്നു. ആഗോളവത്കരണത്തിന്റെ ചില ദോഷങ്ങളും ഗുണങ്ങളും നൽകിയിരുന്നു. കൂടുതൽ കണ്ടെത്തുക.

| <u>ഗുണങ്ങൾ</u> | <u>ദോഷങ്ങൾ</u> |
|---|---|
| - ഉൽപാദനവും കയറ്റുമതിയും വർദ്ധിക്കുന്നു. | - പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം |
| - അതിരുകളില്ലാത്ത ലോകം സൃഷ്ടിക്കുന്നു | - ഉപഭോക്തൃ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു. |
| - ഉല്പന്നങ്ങൾ യഥേഷ്ടം ലഭിക്കുന്നു | - സംസ്കാരത്തിലും ആശയത്തിലും മാറ്റം |

.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................

.....................................................................

**ഉത്തരസൂചിക**

- ഉല്പന്നങ്ങളുടെ വില കുറയുന്നു
- വികസ്വര രാഷ്ട്രങ്ങൾക്ക് മൂലധനം ലഭ്യമാക്കുന്നു.
- സാങ്കേതിക വിദ്യയുടെ വികാസം
- മനുഷ്യ വിഭവകയറ്റുമതി
- ശാസ്ത്ര രംഗത്തെ മുന്നേറ്റം
- ഉന്നത നിലവാരത്തിലുള്ള വസ്തുക്കളുടെ ലഭ്യത

- പുതിയ ആഗോള കരാറുകൾ
- വാർത്താവിനിമയ ഉപാധികളുടെ കുത്തക
- പരിസ്ഥിതി പ്രശ്നങ്ങൾ
- അന്തരീക്ഷ മലിനീകരണം
- വന നശീകരണം
- കാർഷിക തകർച്ച
- മണ്ണിന്റെ ഗുണക്ഷയം
- ജൈവ വൈവിധ്യ ചൂഷണം
- അമിത സ്വകാര്യവത്കരണം
- സേവന മേഖലയിൽ ചെലവ് ചുരുക്കൽ
- ദുർബ്ബല മേഖലക്ക് നൽകുന്ന സബ്സിഡി പിൻവലിക്കൽ
- തൊഴിലാളികളുടെ സുരക്ഷിതത്വം പിൻവലിക്കൽ

## തുടർ പ്രവർത്തനങ്ങൾ

**തുടർ പ്രവർത്തനം - 1**

ആഗോളവത്കരണം ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥയെ എത്രത്തോളം ദോഷകരമായി സ്വാധീനിക്കുന്നുണ്ടെന്ന് പരിശോധിക്കുക

**സൂചന**

- പൊതുവിതരണ സമ്പ്രദായം അട്ടിമറിച്ചു
- ന്യായവില ഷോപ്പുകൾ അപ്രസക്തമായി
- കാർഷിക മേഖലയിലെ തകർച്ച
- ഇന്ത്യ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളമായി
- അമിത കാർഷിക ഉല്പന്ന ഇറക്കുമതി
- ഉൽപാദന - കയറ്റുമതി രംഗത്തെ തകർച്ച
- ചെറുകിട - കുടിൽ വ്യവസായങ്ങളുടെ തകർച്ച
- ബസുമതി അരിക്ക് പാറ്റന്റ്

**തുടർ പ്രവർത്തനം - 2**

പ്ലാച്ചിമട സമരവും കൊച്ചബാംബ സമരവും താരതമ്യം ചെയ്ത് നിങ്ങളുടെ നിഗമനം സമർത്ഥിക്കുക

**സൂചിക**

- ബൊളീവിയയിലെ കുടിവെള്ള വിതരണം ബഹുരാഷ്ട്ര കമ്പനി - വില അധികമായി, ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ, പ്ലാച്ചിമട സമരം സമാനമായത് - കൊക്കോകോള കമ്പനിയുടെ കുടിവെള്ളമൂറ്റലിനെതിരെ പ്ലാച്ചിമടയിൽ സമരം - ജലദൗർലഭ്യം - നാട്ടുകാരുടെ പ്രതിഷേധം - പരിസ്ഥിതി പ്രവർത്തകരും നാട്ടുകാരും കമ്പനിക്കെതിരെ സമരം - വികസ്വര രാഷട്രങ്ങളിൽ ബഹുരാഷ്ട്ര കമ്പനികൾ നടത്തുന്ന ചൂഷണത്തിനെതിരെ നടന്ന സമരങ്ങൾ.

പത്രവാർത്താ കട്ടിംഗ്, ചിത്രങ്ങൾ എന്നിവകൊണ്ട് കൊളാഷ് നിർമ്മിക്കാം

**തുടർ പ്രവർത്തനം - 3**

ആഗോളവത്കരണത്തിനെതിരെ ലോകവ്യാപകമായി രൂപം കൊണ്ട സംഘടനകളെക്കുറിച്ച് അവയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക

- ലോക സോഷ്യൽ ഫോറം
- ഏഷ്യൻ സോഷ്യൽ ഫോറം
- യൂറോപ്യൻ സോഷ്യൽ ഫോറം

**തുടർ പ്രവർത്തനം - 4**

ആഗോളവത്കരണം വിവിധ മേഖലകളിൽ ചെലുത്തിയ പ്രത്യാഘാതങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| സാമൂഹ്യം | |
| വിദ്യാഭ്യാസം | |
| വ്യവസായം | |
| ആരോഗ്യം | |
| കൃഷി | |
| പരിസ്ഥിതി | |

**ഉത്തരസൂചിക**

- ചെലവുകൾ കൂടി
- പരമ്പരാഗത വ്യവസായം തകർന്നു
- മരുന്നിന് വിലകൂടി
- സബ്സിഡി നിർത്തലാക്കി
- മലിനീകരണം വർദ്ധിച്ചു
- സാമ്പത്തിക അസമത്വം കൂടി

പട്ടിക തയ്യാറാക്കുന്നു.

**തുടർ പ്രവർത്തനം - 5**

ജലം, വായു തുടങ്ങിയ പ്രകൃതി വിഭവങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനും, മലിനീകരണപ്പെടാതിരിക്കാനും നിങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകാനുള്ളത്.

**സൂചിക**

- ശാസ്ത്രീയവും ബുദ്ധിപൂർവ്വവുമായ ഉപയോഗം
- വിഭവങ്ങൾ സംരക്ഷിക്കൽ
- ഉപയോഗം കുറക്കൽ
- ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണം
- താപനിലയങ്ങൾ നിരുത്സാഹപ്പെടുത്തൽ
- പെട്രോളിനും ഡീസലിനും ബദൽ കണ്ടെത്തൽ
- മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കൽ

സമകാലിക സംഭവങ്ങൾ പറയാൻ ആവശ്യപ്പെടാം. ചുറ്റുപാടുമുള്ള മലിനീകരണങ്ങൾ തിരിച്ചറിയാൻ സഹായിക്കാം.

**തുടർപ്രവർത്തനം - 6**

പരിസ്ഥിതിയുടെ ഭദ്രതക്കും ലോക സമ്പദ്ക്രമത്തിനും ആഗോളവത്കരണം ഗുണകരമല്ല. നോബൽ സമ്മാനജേതാവായ ജോസഫ് സ്റ്റിഗ്ള്സിന്റെ ഈ അഭിപ്രായത്തെ ലോക സാമൂഹ്യ വേദിയുടെ ഒരംഗം എന്ന നിലയിൽ പരിശോധിക്കുക.

വിഭവ ചൂഷണത്തിനും വ്യാപാര വികസനത്തിനും വിപണികളുടെ വ്യാപനത്തിനും ആഗോളവത്കരണം ഊന്നൽ നൽകുന്നു - കൂടുതൽ ഉല്പാദനം, പരിസ്ഥിതിനാശം, ചൂഷണം, ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ എന്നിവ മാനവരാശിക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ആഗോള പ്രതിസന്ധികൾക്കെതിരെ മനുഷ്യരുടെ കൂട്ടായ്മകൾ - ചെറുത്തു നിൽപ്പുകൾ - ബ്രസീലിലെ പോർത്തോ അലഗ്രയിലെ ലോക സാമൂഹ്യവേദി ഉദാരവക്കരണത്തിനും സാമ്രാജ്യത്വത്തിനുമെതിരായ ജനകീയ പ്രസ്ഥാനം - ബഹുരാഷ്ട്ര കമ്പനികളെയും പിന്തുണക്കുന്ന ജനങ്ങളുടെ പരമാധികാരത്തിനും വേണ്ടി പൊരുതുന്നു. - ഡബ്ല്യു എസ്. എഫ് ലോകത്തിലെ എല്ലാ പ്രസ്ഥാനങ്ങളെയും ജനങ്ങളെയും ബന്ധിപ്പിക്കുന്നു.

**തുടർപ്രവർത്തനം - 7**

എ. ബി, സി കോളങ്ങൾ ശരിയായി ചേർത്ത് എഴുതുക

| എ | ബി | സി |
|---|---|---|
| സോവിയറ്റ് യൂണിയൻ | ഫ്ളോറൻസ് | ലോക സാമൂഹ്യവേദി |
| ബ്രസീൽ | സോവിയറ്റ് പ്രസിഡണ്ട് | നോബൽ സമ്മാനം |
| ഇറ്റലി | സാമ്പത്തിക ശാസ്ത്രജ്ഞൻ | പെരിസ്ട്രോയിക്ക |
| ഗോർബച്ചോവ് | പോർത്തോ - അലഗ്ര | യൂറോപ്യൻ ഫോറം |
| ജോസഫ് സ്റ്റിഗ്ലസ് | ഗ്ലാസ്റ്റ്നോസ്റ്റ് | നൂതന പരിഷ്കാരം |

| എ | ബി | സി |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |